PALAKKAD
**Rupatha Bulletin**



Editor
**Fr. Jaimon Pallineerakkal**

Published by
**Fr. Joshy Pulikkottil**

**Bishop's House**
PB No. 4, Noorani P.O.
Palakkad- 678 004
Ph: 0491-2515277, Fax: 2525129

Printed by
**JIM Offset, Palakkad**

Annual Subscription: Rs. 200

# ഉള്ളടക്കം

നവസുവിശേഷവത്ക്കരണം–പഠനസഹായി 03
Bishop's Engagement................................ 12
From the Bishop's Office........................... 13
നിത്യാരാധനാ കപ്പേള................................. 15
വിശ്വാസപരിശീലനവേദി.............................. 16
ബൈബിൾ അപ്പോസ്റ്റലേറ്റ്.......................... 21
അൾത്താരസംഘം...................................... 23
തിരുബാലസഖ്യം........................................ 24
കെ.സി.വൈ.എം...................................... 25
സെമിനാരി വാർത്തകൾ............................ 27
ചെറുപുഷ്പ മിഷൻ ലീഗ്............................ 28
മാതൃസംഘം............................................... 30
C.W.W.C................................................... 31
സി.എൽ.സി.............................................. 31
ഫാമിലി അപ്പോസ്റ്റലേറ്റ്............................. 33
കുടുംബകൂട്ടായ്മ...................................... 33
സെഹിയോൻ ധ്യാനകേന്ദ്രം......................... 35
കെ. സി. എസ്. എൽ................................ 36
നവീകരണമുന്നേറ്റം.................................... 37
പി. എസ്. എസ്. പി................................... 37
From the Bishop's Diary............................ 40

# ‘ക്രൈസ്തവവിശ്വാസം പകർന്നുനൽകുന്നതിന് നവസുവിശേഷവത്കരണം’

### 13-ാം മെത്രാൻ സിനഡിന്റെ മാർഗ്ഗരേഖക്ക് ഒരു പഠനസഹായി

### I സിനഡിന്റെ പശ്ചാത്തലം

പരിശുദ്ധ പിതാവ് ബനഡിക്റ്റ് പതിനാറാമൻ മാർപ്പാപ്പ 2012 ഒക്ടോബർ 7മുതൽ 12വരെ മെത്രാൻമാരുടെ സിനഡ് വിളിച്ചുചേർക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ‘ക്രൈസ്തവവിശ്വാസം പകർന്നുനൽകുന്നതിന് നവസുവിശേഷവത്കരണം’ (The New Evangelization for the Transmission of Christian Faith) എന്നതാണ് സിനഡിന്റെ ചർച്ചാവിഷയം. സിനഡിന്റെ മാർഗ്ഗരേഖ (Lineamenta) 2011 മാർച്ച് 4-ാം തിയതി മെത്രാന്മാരുടെ സിനഡിനുള്ള കാര്യാലയം പ്രസിദ്ധീകരിച്ചു. ഈ വിഷയത്തെക്കുറിച്ച് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ഈ മാർഗ്ഗരേഖ എല്ലാ മെത്രാൻ സമിതികൾക്കും അയച്ചുകൊടുത്തിരിക്കുകയാണ്. പൗരസ്ത്യസഭകളിൽ ഏറെ പ്രാധാന്യമർഹിക്കുന്ന സീറോ മലബാർ സഭയും ഈ മാർഗ്ഗരേഖ പഠിച്ച് അഭിപ്രായങ്ങൾ സമർപ്പിക്കുവാൻ കടപ്പെട്ടിരിക്കുന്നു. പ്രാദേശിക സഭകൾ അവരുടെ നിർദ്ദേശങ്ങൾ 2011 നവംബർ മാസം ഒന്നിന് മുമ്പായി റോമിലേക്ക് അയച്ചുകൊടുക്കേണ്ടതാണ്. നവസുവിശേഷവത്കരണത്തെക്കുറിച്ചുള്ള മാർഗ്ഗരേഖയെ നമ്മുടെ സഭയുടെ സാഹചര്യത്തിൽ പരിചയപ്പെടുത്തുന്നതിനുവേണ്ടിയാണ് ഹ്രസ്വവും ലളിതവുമായ ഈ പഠനസഹായി തയ്യാറാക്കപ്പെട്ടിരിക്കുന്നത്. സീറോ മലബാർ സഭ പ്രേഷിതവർഷമായി ആചരിക്കുന്ന ഈ കാലഘട്ടത്തിൽ നവസുവിശേഷവത്കരണത്തെക്കുറിച്ചുള്ള ചർച്ചകൾ അതീവപ്രാധാന്യം അർഹിക്കുന്നു.

**1. റോമിലെ മെത്രാൻമാരുടെ സിനഡിന്റെ പ്രാധാന്യം**

രണ്ടാം വത്തിക്കാൻ കൗൺസിൽ സഭയിൽ ഉളവാക്കിയ ഉണർവ്വ് നിലനിർത്തുന്നതിനും മെത്രാന്മാരുടെ കൂട്ടായ്മ സഭയിൽ നിരന്തരം തുടരുന്നതിനും വേണ്ടി പോൾ ആറാമൻ മാർപ്പാപ്പ സഭയിൽ ഏർപ്പെടുത്തിയ സ്ഥിരസംവിധാനമാണ് മെത്രാന്മാരുടെ സിനഡ്. സഭയെ സംബന്ധിക്കുന്ന കാലികപ്രസക്തിയുള്ള വിഷയങ്ങൾ





ദൈവശാസ്ത്രഉൾക്കാഴ്ച്ചയോടും അജപാലനാത്മകതയോടും കൂടെ കൂട്ടായി ചർച്ച ചെയ്ത് പ്രായോഗിക നിർദ്ദേശങ്ങൾ കണ്ടെത്തുകയാണ് സിനഡിന്റെ പ്രഥമ ലക്ഷ്യം. 2012ൽ റോമിൽ വച്ച് നടക്കാൻ പോകുന്നത് 13-മത്തെ ഓഡിനറി സിനഡാണ്.

**2. മാർഗ്ഗരേഖയുടെ** (Lineamenta) **ലക്ഷ്യം**

മെത്രാന്മാരുടെ സിനഡ് ചർച്ച ചെയ്യാൻ ഉദ്ദേശിക്കുന്ന വിഷയത്തെ സംബന്ധിച്ച് പ്രസിദ്ധീകരിക്കുന്ന പ്രഥമവിവരരേഖയെയാണ് ലീനിയമെന്ത എന്നറിയപ്പെടുന്നത്. സിനഡ് ചർച്ച ചെയ്യാൻ ഉദ്ദേശിക്കുന്ന വിഷയത്തിന്റെ പ്രസക്തി, ദൈവശാസ്ത്രപരമായ അർത്ഥതലങ്ങൾ, വിഷയം ചർച്ച ചെയ്യാൻ ഇടയാക്കിയ സാഹചര്യങ്ങൾ എന്നിവ ഉൾക്കൊള്ളിച്ചുള്ള വിഷയാവതരണ രേഖയാണ് ലീനിയമെന്ത. ഈ രേഖ ഈ വിഷയത്തെക്കുറിച്ച് ഗൗരവമായ പഠനത്തിലേക്ക് സഭാതനയരെ പ്രേരിപ്പിക്കുകയും അവരുടെ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ അവസരമൊരുക്കുന്നു. പ്രാദേശിക തലത്തിൽ നടത്തപ്പെടുന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ സമർപ്പിക്കപ്പെടുന്ന അഭിപ്രായങ്ങളെ ക്രോഡീകരിച്ച ശേഷമാണ് വിഷയത്തെ സംബന്ധിച്ചുള്ള പ്രവർത്തനരേഖ (Instrumentum Laboris) തയ്യാറാക്കുക. ഇക്കാരണത്താൽ മാർഗ്ഗരേഖയെക്കുറിച്ചുള്ള ഗൗരവമായ പഠനങ്ങളും നിർദ്ദേശങ്ങളും യഥാസമയം സമർപ്പിക്കപ്പെട്ടാൽ മാത്രമെ പ്രവർത്തനരേഖ അർത്ഥവത്തായ വിധത്തിൽ യാഥാർത്ഥ്യമാക്കാൻ സാധിക്കുകയുള്ളൂ.

### II മാർഗ്ഗരേഖയുടെ ഉള്ളടക്കം

**1. ആമുഖം**

ആമുഖവും ഉപസംഹാരവും കൂടാതെ നവസുവിശേഷവത്കരണത്തെക്കുറിച്ചുള്ള മാർഗ്ഗരേഖയ്ക്ക് മൂന്ന് അദ്ധ്യായങ്ങളാണ് ഉള്ളത്. ബനഡിക്റ്റ് പതിനാറാമൻ മാർപാപ്പ പൗരസ്ത്യ ദേശങ്ങൾക്ക് വേണ്ടി നടത്തപ്പെട്ട സിനഡിന്റെ സമാപനവേളയിലാണ് 2012ലെ സിനഡ് നവസുവിശേഷവത്കരണത്തെക്കുറിച്ചായിരിക്കുമെന്ന് ആദ്യമായി പ്രഖ്യാപിച്ചത്. സഭാദൗത്യത്തിൽ പരമപ്രാധാന്യമർഹിക്കുന്ന അജൻഡാ സുവിശേഷവത്കരണമാണ്. സുവിശേഷം ഇന്നുവരെ അറിയാത്തവർക്ക് വേണ്ടിയും വിശ്വാസത്തിൽനിന്ന് വിവിധ കാരണങ്ങളാൽ വേർപ്പെട്ട് പോയവർക്ക് വേണ്ടിയും സഭ സുവിശേഷത്തെ നവ്യമായി അവതരിപ്പിക്കേണ്ടതുണ്ട്. ജനതകളുടെ മാതാവാണ് സഭ. അവ

ളുടെ പ്രഥമചുമതല ദൈവരാജ്യത്തിനുവേണ്ടി മക്കളെ ഗർഭം ധരിക്കുകയും അവർക്ക് വിശ്വാസത്തിന്റെ മുലപാൽ നൽകി വളർത്തുകയുമാണ്. സുവിശേഷവത്കരണത്തെക്കാൾ വലിയൊരു ഉത്തരവാദിത്വം ദൈവം സഭയെ ഏൽപ്പിച്ചിട്ടില്ല. ഓരോ ക്രിസ്തുശിഷ്യനും വിളിക്കപ്പെട്ടിരിക്കുന്നത് അയക്കപ്പെടാൻ വേണ്ടിയാണ്. ക്രിസ്തു സാക്ഷിയാകാത്തവന് ക്രിസ്തുശിഷ്യനാകാൻ സാധിക്കുകയില്ല. നാം ജീവിക്കുന്ന ലോകം മാറ്റങ്ങളുടെ നടുവിലാണ്. ധാരാളം പ്രശ്നങ്ങളും പ്രതിസന്ധികളും നമുക്ക് ചുറ്റുമുണ്ട്. അതുകൊണ്ട് തന്നെ സുവിശേഷവത്കരണദൗത്യം ഇന്ന് എന്നത്തേക്കാളും പ്രയാസകരമാണ്. ഇവിടെ നാം നഷ്ടധൈര്യരോ നിരാശരോ ആകേണ്ട കാര്യമില്ല. സുവിശേഷവത്കരണം ദൈവത്തിന്റെ ഇടപെടലിന്റെ അത്ഭുതമാണ്. സുവിശേഷവത്കരണം നമ്മുടെയാരുടെയും വ്യക്തിപരമായ നേട്ടമോ വിജയമോ അല്ല, പ്രത്യുത അത് പരിശുദ്ധാത്മാവിന്റെ വഴിനടത്തലാണ്. നമുക്ക് ദൈവത്തിന്റെ കൈകളിൽ ഉപകരണങ്ങളാകാൻ പരിശ്രമിക്കാം. നമ്മുടെ ചർച്ചകളും പഠനങ്ങളും പ്രതിസന്ധകളുടെ നടുവിൽ ദൈവത്തിന്റെ വഴികൾ കണ്ടെത്താൻ നമ്മെ സഹായിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യും.

**2. അദ്ധ്യായം ഒന്ന്:**

**നവസുവിശേഷവത്കരണത്തിന് സമയമായിരിക്കുന്നു**

പുനർസുവിശേഷവത്കരണത്തെക്കാൾ നവസുവിശേഷവത്കരണമാണ് ഇന്നത്തെ ആവശ്യമെന്ന് ജോൺ പോൾ രണ്ടാമൻ മാർപാപ്പ പോളണ്ട് സന്ദർശനവേളയിൽ നടത്തിയ അഭിപ്രായപ്രകടനത്തിന്റെ വെളിച്ചത്തിലാണ് സിനഡിന്റെ പ്രമേയമായി നവസുവിശേഷവത്കരണം എന്ന പ്രേമേയം തെരഞ്ഞെടുത്തിരിക്കുന്നത്. ലാറ്റിനമേരിക്കയിലെ നൂതനക്രൈസ്തവസെക്റ്റുകളുടെയും (New Sects) കമ്മ്യൂണിസ്റ്റ് ചിന്താഗതികളുടെയും സാഹചര്യത്തിൽ നവസുവിശേഷവത്കരണത്തിനുള്ള ആഹ്വാനം കൂടുതൽ പ്രസക്തമായിരിക്കുന്നു.

നവസുവിശേഷവത്കരണത്തിൽ സഭ നേരിടുന്ന വെല്ലുവിളികളെ മാർഗരേഖ ആറ് മേഖലകളിലായാണ് സംക്ഷേപിക്കുന്നത്. 1) സംസ്കാരികം: നാം ജീവിക്കുന്ന സംസ്കാരം കുടുതൽ ലൗകീകമായികൊണ്ടിരിക്കുന്നു. ദൈവത്തിനും അടിസ്ഥാനമൂല്യങ്ങൾക്കും വില കല്പിക്കാത്ത സംസ്കാരത്തിലാണ് നാം ജീവിക്കുന്നത്. വിശ്വാസവും





ധാർമ്മികതയും നിന്ദിക്കപ്പെടുന്ന ഇന്നത്തെ സംസ്കാരത്തിൽ സുവിശേഷവത്കരണം നേരിടുന്ന പ്രതിസന്ധി നിസാരമല്ല. 2) സാമൂഹികം: നവസുവിശേഷവത്കരണത്തിന്റെ രണ്ടാമത്തെ തലം സാമുഹിക മേഖലയാണ്. കൂടുതൽ മെച്ചപ്പെട്ട ജീവിത സൗകര്യത്തിനും തൊഴിലിനുംവേണ്ടി ജനങ്ങൾ ഗ്രാമങ്ങൾക്ക് വിട്ട് നഗരങ്ങളിലേക്കും കൂടുതൽ സമ്പന്നമായ രാജ്യങ്ങളിലേക്കും കുടിയേറുന്നു. ഇതിന്റെ ഫലമായി സാമുഹിക മേഖലയിൽ സങ്കരസംസ്കാരം രൂപപ്പെടുന്നു. ഇങ്ങനെയുള്ള പ്രവാസികൾ നേരിടുന്ന മതപരവും ആദ്ധ്യാത്മികവും ധാർമ്മികവുമായ അപച്യുതി വിശ്വാസകൈമാറ്റത്തെ ബാധിക്കുന്നു. 3) സാമുഹിക-സമ്പർക്കമാധ്യമമേഖല: സാമൂഹിക-സമ്പർക്ക മാധ്യമങ്ങളുടെ മേഖലയാണ് മൂന്നാമത്തെ തലം. ഈ മണ്ഡലത്തിൽ ദിനം പ്രതി സംഭവിക്കുന്ന മാറ്റങ്ങൾ ഗുണത്തേക്കാൾ ഏറെ ദോഷമാണ് സുവിശേഷവത്കരണത്തിന് ചെയ്തുകൊണ്ടിരിക്കുന്നത്. ഈ മേഖലയിലെ നൂതന വികാസപരിണാമങ്ങളെ സുവിശേഷവത്കരണത്തിന് അനുകുലമാക്കി തീർക്കുന്നതിന് ജനങ്ങളെ ബോധവത്കരിക്കാൻ നമുക്ക് കഴിയേണ്ടിയിരിക്കുന്നു. എങ്കിൽ മാത്രമെ സാമൂഹിക-സമ്പർക്കമാധ്യമങ്ങളുപയോഗിച്ചു കൊണ്ടുള്ള നവസുവിശേഷവത്കരണം സാധ്യമാകൂ. 4) സാമ്പത്തികം: സാമ്പത്തിക സ്രോതസ്സുകളുടെ അസന്തുലിതാവസ്ഥ, സാമ്പത്തിക പ്രതിസന്ധി, സാമ്പത്തിക അനീതി, ദരിദ്ര-ധനികവിവേചനം തുടങ്ങിയ സാമ്പത്തികഘടകങ്ങൾ സുവിശേഷവത്കരണത്തെ ബാധിക്കുന്നുണ്ട്. ഈ മേഖലയിൽ സുവിശേഷമൂല്യങ്ങളെ ഉയർത്തിപ്പിടിക്കാൻ നവസുവിശേഷവത്കരണത്തിന് സാധിക്കണം. 5)ശാസ്ത്ര-സാങ്കേതികം: ശാസ്ത്ര സാങ്കേതിക വളർച്ച സുവിശേഷവത്കരണത്തെ ദോഷകരമായി ബാധിക്കാൻ പാടില്ല. ശാസ്ത്ര സാങ്കേതിക വളർച്ചയെ സുവിശേഷവത്കരണത്തിന് എങ്ങിനെ സഹായകമാക്കാൻ കഴിയുമെന്ന് പ്രാർത്ഥനാപൂർവ്വം നാം പഠിക്കേണ്ടുതുണ്ട്. 6) രാഷ്ട്രീയം: മതസ്വാതന്ത്ര്യത്തിന്റെ പേരിൽ മതനിരപേക്ഷതയുടെ ഒരു പുതിയ സാഹചര്യം സമൂഹത്തിൽ ഇന്ന് സംജാതമായിട്ടുണ്ട്. ലോകത്തിൽ സമാധാനം സംജാതമാകുന്നതിനും ജനങ്ങൾ ഭീതിയില്ലാതെ സ്വാതന്ത്ര്യത്തോടെ ജീവിക്കുന്നതിനും മനുഷ്യാവകാശങ്ങളും ന്യൂനപക്ഷങ്ങളും സംരക്ഷിക്കപ്പെടുന്നതിനും പ്രപഞ്ചത്തോട് പ്രതിബദ്ധതയുള്ളവരായി ജീവിക്കുന്നതിനും രാഷ്ട്രീയ മേഖല സുവിശേഷചൈതന്യത്താൽ നവീകരിക്കപ്പെടേണ്ടത് ആവശ്യമാണെന്ന് മാർഗ്ഗരേഖ പഠിപ്പിക്കുന്നു.

**3. അദ്ധ്യായം രണ്ട്:**

**ഈശോമിശിഹായുടെ സുവിശേഷം പ്രഘോഷിക്കപ്പെടേണ്ടതിന്**

സുവിശേഷം പ്രഘോഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചാണ് മാർഗ്ഗരേഖയുടെ രണ്ടാമത്തെ അദ്ധ്യായം പ്രതിപാദിക്കുന്നത്. യേശുവിനെ വ്യക്തിപരമായി കണ്ടുമുട്ടേണ്ടതിന്റെ ആവശ്യകത, വിശ്വാസകൈമാറ്റത്തിന്റെ പ്രാധാന്യം, സുവിശേഷവത്കരണത്തിൽ ദൈവവചനത്തിന്റെ പങ്ക്, വിശ്വാസത്തിന്റെ പ്രബോധനരീതികൾ, വിശ്വാസകൈമാറ്റത്തിൽ പ്രദേശിക സഭകൾക്കുള്ള സജീവപങ്കാളിത്തം, വിശ്വാസകൈമാറ്റത്തിന്റെ സത്ഫലങ്ങൾ എന്നീ വിഷയങ്ങളാണ് രണ്ടാമദ്ധ്യായത്തിന്റെ ഉള്ളടക്കം.

ക്രിസ്തുവുമായി വ്യക്തിപരമായി കണ്ടുമുട്ടലും അതിലൂടെ ഉത്ഭൂതമാകുന്ന കൂട്ടായ്മയുമാണ് സുവിശേഷപ്രഘോഷണത്തിന്റെ പ്രഥമലക്ഷ്യം. സുവിശേഷം ജീവദായകമായ വചനമാണ്. സുവിശേഷത്തിലൂടെ കണ്ടുമുട്ടുന്നത് വചനം മാംസമായ ദൈവത്തെത്തന്നെയാണ്. പരിശുദ്ധാത്മാവിലൂടെയാണ് ഈ കണ്ടുമുട്ടൽ സാധ്യമാകുന്നത്.

വിശ്വാസം ജീവിക്കുന്നതും പങ്കുവയ്ക്കുന്നതും സഭയുടെ കൂട്ടായ്മയിലൂടെയാണ്. സഭയാണ് ദൈവവചനത്തിലൂടെയും വിശുദ്ധപാരമ്പര്യത്തിലൂടെയും വിശ്വാസിക്ക് യേശുവിനെ കാണിച്ചുകൊടുക്കുന്നത്. സഭയിലൂടെ വിശ്വാസത്തിലേക്ക് വിളിക്കപ്പെട്ടവർ ജീവിതം കൊണ്ടാണ് വിശ്വാസം സാക്ഷ്യപ്പെടുത്തേണ്ടത്. വിശ്വാസത്തിന്റെ സാക്ഷ്യപ്പെടുത്തൽ നിർവ്വഹിക്കപ്പെടുന്നത് ദൈവസ്നേഹത്തിലൂടെയും പരസ്നേഹത്തിലൂടെയുമാണ്. ദൈവത്തോടുള്ള വിശ്വസ്തതയും സഹോദരങ്ങളോടുള്ള വിശ്വസ്തതയും വിശ്വാസത്തിന്റെ സാക്ഷ്യപ്പെടുത്തലിന്റെ അവിഭാജ്യഘടകങ്ങളാണ്.

വിശ്വാസകൈമാറ്റപ്രക്രിയയിൽ പ്രാർത്ഥനാനുഭവവും ആരാധനക്രമഅനുഭവവും പരമപ്രധാനമായ പ്രബോധനരീതികളാണ്. ദൈവവുമായി വ്യക്തിബന്ധം സ്ഥാപിക്കുവാൻ പ്രാർത്ഥന അനിവാര്യമാണ്. ദൈവാനുഭവത്തിലേക്ക് വ്യക്തികളെ വളർത്താൻ പ്രാർത്ഥന പോലെ പ്രധാനപ്പെട്ടതാണ് ആരാധക്രമഅനുഭവവും. നവസുവിശേഷവത്കരണത്തിന്റെ പ്രധാന ഉത്തരവാദിത്വം പ്രാദേശിക സഭകൾക്കാണ്. സുവിശേഷത്തിന്റെ ചൈതന്യം വ്യക്തികളിൽനിന്ന് വ്യക്തികളി





ലേക്കും സമൂഹങ്ങളിൽനിന്ന് സമൂഹങ്ങളിലേക്കും കാര്യക്ഷമമായി കൈമാറ്റം ചെയ്യാൻ പ്രാദേശിക സഭകൾക്കേ കഴിയൂ. ഓരോ പ്രാദേശിക സഭയും അവരുടെ പ്രത്യേക പശ്ചാത്തലത്തിന്റെയും സാമുഹികസാഹചര്യങ്ങളുടെയും അടിസ്ഥാനത്തിൽ വിശ്വാസപ്രഘോഷണം എങ്ങിനെ കാര്യക്ഷമമായി നിർവ്വഹിക്കാൻ സാധിക്കുമെന്ന് കണ്ടെത്തേണ്ടതുണ്ട്. പരിശുദ്ധാത്മാവിന്റെ ഇടപെടലിലൂടെ നവസുവിശേഷവത്കരണത്തിന് ഓരോ പ്രാദേശികസഭയും പങ്കാളിയാകണം.

**4. അദ്ധ്യായം മൂന്ന്:**

**ക്രൈസ്തവിശ്വാസനുഭവത്തിലേക്ക് വഴിനടത്തുന്നതിന്**

വ്യക്തികളെയും സമൂഹങ്ങളെയും ക്രൈസ്തവവിശ്വാസ അനുഭവത്തിലേക്ക് പ്രവേശിപ്പിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ചാണ് മൂന്നാമദ്ധ്യായം പ്രതിപാദിക്കുന്നത്. സുവിശേഷവത്കരണപ്രക്രിയയിൽ പ്രവേശനകൂദാശകളുടെ പ്രാധാന്യം, പ്രാർത്ഥനാരീതികളുടെ ആവശ്യകത, ആധികാരികതയുള്ള വിശ്വാസപ്രബോധനത്തിന്റെ പ്രസക്തി, സുവിശേഷപ്രഘോഷകരുടെയും പരിശീലകരുടെയും ജീവിതസാക്ഷ്യത്തിന്റെ പ്രാധാന്യം എന്നീ പ്രമേയങ്ങളെക്കുറിച്ചാണ് മൂന്നാമദ്ധ്യായം പ്രതിപാദിക്കുന്നത്.

ജനനം മുതൽ മരണം വരെ വിശ്വാസത്തിൽ നിലനിൽക്കാൻ പരിശീലിപ്പിക്കപ്പെടുക എന്നുള്ളത് വിശ്വാസകൈമാറ്റത്തിന്റെ ഏറ്റവും ഗൗരവ്വാവഹമായ കടമയാണ്. വിശ്വാസകൈമാറ്റത്തിൽ വിശ്വാസിസമൂഹത്തിന്റെ ഉത്തരവാദിത്വം അതീവപ്രാധാന്യമർഹിക്കുന്നതാണ്. പുതിയ തലമുറയ്ക്ക് ജീവിതമൂല്യങ്ങളും സ്വഭാവസംശുദ്ധിയും പകർന്ന് നൽകാൻ മാതാപിതാക്കളോടൊപ്പം വിശ്വാസിസമൂഹത്തിന് കഴിയണം. വിശ്വാസത്തിലും ധാർമ്മികതയിലും അടിസ്ഥാനപ്പെടുത്തി മനുഷ്യവ്യക്തിത്വത്തെ പടുത്തുയർത്താൻ നമ്മുടെ വിദ്യഭ്യാസ-വിശ്വാസ പരിശീലനപദ്ധതികൾക്ക് കഴിയണം.

പ്രകൃതി സംരക്ഷണം എന്നത് പ്രകൃതിയുടെ ബാഹ്യഘടനയുടെ സംരക്ഷണമായി മാത്രമായി ചുരുങ്ങാൻ പാടില്ല. അത് ധാർമ്മികതയുടെയും ആത്മീകതയുടെയും കൂടി സംരക്ഷണമാകണം. സാമൂഹികബന്ധങ്ങളും കുടുംബഭദ്രതയും ലൈംഗിക ധാർമ്മികതയും ജീവന്റെ സംരക്ഷണവും ഇതിലൂടെ സംജാതമാകണം. വ്യക്തികളുടെയും സമൂഹങ്ങളുടെയും ധാർമ്മികമായ അധ:പതനം പ്രകൃതി

യുടെ അസന്തുലിതാവസ്ഥക്കും നാശത്തിനും കാരണമാകും.

വിശ്വാസപരിശീലനത്തിൽ ആധുനിക ലോകം ഉറ്റുനോക്കുന്നത് വെറും അദ്ധ്യാപകരെക്കാൾ ജീവിതസാക്ഷ്യമുള്ളവരെയാണ്. വിശ്വാസപരിശീലകരുടെ ജീവിതസാക്ഷ്യത്തിനുമാത്രമെ വിശ്വാസകൈമാറ്റത്തെ ആധികാരികമാക്കാൻ സാധിക്കുകയുള്ളു. കുടുംബങ്ങൾ വിശ്വാസപരിശീലനത്തിന്റെ പ്രഥമപഠനകളരികളാണ്. കുടുംബങ്ങളിൽ വിശ്വാസകൈമാറ്റത്തിനനുകൂലമായ കാലവസ്ഥ ഉണ്ടായാൽ മാത്രമെ നവസുവിശേഷവത്കരണം സമൂഹത്തിൽ കാര്യക്ഷമമാകൂ.

**5. ഉപസംഹാരം**

മാർഗ്ഗരേഖ അവസാനിക്കുന്നത് ഏറെ പ്രതീക്ഷാനിർഭരമായ ചിന്തകളോടുകൂടിയാണ്. യേശുവിന്റെ ഉത്ഥാനവും പന്തകുസ്താ അനുഭവവും ആയിരുന്നു ആദിമ ക്രൈസ്തവരുടെ ഉയിർത്തെഴുന്നേൽപ്പിനും വിശ്വാസപ്രഘോഷണത്തിനും പ്രചോദനകാരണമായത്. യേശുവിന്റെ സുവിശേഷം ഇന്നലെയും ഇന്നും നാളെയും ഒന്ന് തന്നെയാണ്. നവസുവിശേഷവത്കരണം നമ്മെ നിർബന്ധിക്കുന്നത് പുതിയ സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയ സമ്മർദ്ദങ്ങളുടെ മധ്യത്തിൽ എങ്ങിനെ യേശുവിന്റെ സുവിശേഷത്തെ പരിശുദ്ധാത്മാവിന്റെ അഭിഷേകത്താൽ പുത്തനായി ആവിഷ്കരിക്കാൻ സാധിക്കും എന്ന് കണ്ടെത്തുന്നതിലാണ്. പന്തകുസ്തായിൽ സംഭവിച്ചത് ഇന്നും സംഭവിക്കണം. നവസുവിശേഷവത്കരണം ഒരു പുതിയ കാഴ്ചപ്പാടാണ്. സഭയെ ഇന്നും നാളെയും എന്നും പ്രസക്തമാക്കാൻ നമ്മെ സഹായിക്കുന്ന ഒരു പുതിയ പന്തകുസ്ത അനുഭവമായിരിക്കണം അത്. പ്രതിസന്ധികൾ കണ്ട് ഭയപ്പെട്ട് പിറകോട്ട് മാറുകയല്ല, പ്രത്യുത പൗലോസ് അപ്പസ്തോലനെപ്പോലെ പ്രതിസന്ധികളുടെ നടുവിൽ 'സുവിശേഷം പ്രസംഗിച്ചില്ലെങ്കിൽ എനിക്ക് ദുരിതം' എന്ന് പറയാനുള്ള ആത്മധൈര്യമാണ് നമുക്ക് വേണ്ടത്. സുവിശേഷം നമുക്ക് നൽകുന്ന പ്രത്യാശ നമ്മെ ആനന്ദഭരിതരാക്കണം. കർത്താവിനെ പ്രത്യാശനിർഭരരായി പുതിയ ആവേശത്തോടും ആനന്ദത്തോടും കൂടേ സർവ്വമനുഷ്യരോടും അറിയിക്കാൻ നവസുവിശേഷവത്കരണത്തിൽ നാം സജ്ജരാകണം.

**ചർച്ചയ്ക്ക് സഹായകമായ ചോദ്യങ്ങൾ**

(മാർഗ്ഗരേഖ ചർച്ചയ്ക്ക് സഹായിക്കുന്ന 72 ചോദ്യങ്ങൾ നൽകുന്നു





ണ്ട്. എന്നാൽ നമ്മുടെ സഭയുടെ സാഹചര്യത്തിൽ പ്രസക്തമായ ചില ചോദ്യങ്ങളാണ് താഴെ നൽകിയിരിക്കുന്നത്. ചർച്ച ചെയ്യപ്പെടുന്ന സമൂഹത്തിന്റെ സാഹചര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് ചോദ്യങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്താവുന്നതാണ്.)

1. സുവിശേഷവത്കരണം നമ്മുടെ സഭയിൽ എത്ര കാര്യക്ഷമമായി നടക്കുന്നുണ്ട്?
2. സുവിശേഷവത്കരണത്തെ ദോഷകരമായി ബാധിക്കുന്ന സാഹചര്യങ്ങൾ ഏതൊക്കെയാണ്?
3. സാംസ്കാരിക, സാമുഹിക, സാമ്പത്തിക, സാമുഹിക-സമ്പർക്ക മാധ്യമ, ശാസ്ത്ര-സാങ്കേതിക, രാഷ്ട്രീയ സമ്മർദ്ദങ്ങൾ എങ്ങിനെയാണ് നമ്മുടെ സുവിശേഷവത്കരണദൗത്യത്തെ ബാധിക്കുന്നത്? ഈ മേഖലകളെ എങ്ങിനെ സുവിശേഷവത്കരണത്തെ അനുകൂലമാക്കിമാറ്റാൻ നമുക്ക് സാധിക്കും?
4. വിജാതിയരോട് സുവിശേഷം അറിയിക്കുവാനുള്ള സഭയുടെ ഇതുവരെയുള്ള നിലപാട് ശക്തമാണോ?
5. സുവിശേഷവത്കരണപ്രക്രിയയിൽ കൂടുതൽ കാര്യക്ഷമത കൈവരിക്കാൻ സ്വീകരിക്കേണ്ട മാർഗ്ഗങ്ങൾ എന്തൊക്കെയാണ്?
6. സീറോ മലബാർ സഭയുടെ പ്രേഷിതോന്മുഖത കുറയുകയാണോ കൂടുകയാണോ? കുറയുകയാണെങ്കിൽ കാരണങ്ങൾ എന്തൊക്കെയാണ്?
7. സീറോ മലബാർ സഭ പ്രേഷിതമേഖലകളിൽ കൂടുതൽ സജീവമാകാൻ നിർദ്ദേശങ്ങൾ സമർപ്പിക്കുക?
8. കത്തോലിക്കാ കുടുംബങ്ങളിലെ വിശ്വാസ കൈമാറ്റം കൂടുകയാണോ കുറയുകയാണോ?
9. കുടുംബങ്ങളെ വിശ്വാസപരിശീലനകളരികളാക്കാൻ പ്രായോഗികനിർദ്ദേശങ്ങൾ എന്തൊക്കെയാണ്?
10. കുട്ടികളുടെ വിശ്വാസപരിശീലനം കൂടുതൽ ഫലപ്രദമാക്കാൻ മാർഗ്ഗങ്ങൾ ഏവ?
11 സഭയുടെ വിദ്യഭ്യാസശുശ്രൂഷ വിശ്വാസ-സാന്മാർഗ്ഗിക പരിശീ

ലനം പുതുതലമുറയ്ക്ക് നൽകാൻ സാധിക്കുന്നുണ്ടോ?

12. വിദ്യഭ്യാസമേഖലയെ എങ്ങിനെ സുവിശേഷവത്കരണത്തിന് മാധ്യമമാക്കാം?

13. നമ്മുടെ യുവജനങ്ങൾ എന്തുകൊണ്ട് നമ്മിൽ നിന്ന് അകന്ന് നിൽക്കുന്നു? അവരെ വിശ്വാസത്തിൽ വളർത്താനും നില നിർത്താനും മാർഗ്ഗങ്ങൾ ഏതൊക്കെയാണ്?

14. സഭയിൽനിന്ന് തെറ്റിപിരിയുന്ന ദൈവജനത്തെ എങ്ങിനെ തിരികെ കൊണ്ടുവരാം?

15. ഓരോ കത്തോലിക്കനും ജീവിതസാഹചര്യത്തിൽ സുവിശേഷത്തിന് സാക്ഷിയാകാൻ നിങ്ങളുടെ നിർദ്ദേശങ്ങൾ ഏവ?

16. സീറോ മലബാർ സഭയിൽനിന്നുള്ള പ്രവാസികളുടെ പ്രശ്നങ്ങളും പ്രതിസന്ധികളും ഏവ? പ്രവാസികളുടെ വിശ്വാസപരിശീലനം ഫലപ്രദമാക്കാൻ സഭയ്ക്ക് എന്തു ചെയ്യാൻ സാധിക്കും?

17. സീറോ മലബാർ സഭ കൂടുതൽ അജപാലനോന്മുഖമാകാൻ എന്തു ചെയ്യണം?

18. സീറോ മലബാർ സഭയിലെ വൈദികരുടെയും സമർപ്പിതരുടെയും പ്രേഷിതോന്മുഖതയും ശുശ്രൂഷാമനോഭാവവും വളർത്താൻ എന്താണ് ചെയ്യേണ്ടത്?

19. സീറോ മലബാർ സഭയിലെ അത്മായർ സഭയോടൊത്ത് ചിന്തിക്കുവാനും സഭയുടെ പ്രേഷിതദൗത്യത്തിൽ കൂടുതൽ പങ്കുകാരാകുവാനും ഉപാധികൾ നിർദ്ദേശിക്കുക

20. ഭാരതത്തിന്റെ സുവിശേഷവത്കരണത്തിൽ സീറോ മലബാർ സഭയുടെ പങ്കാളിത്തം കൂടുതൽ പ്രസക്തമാക്കാൻ എന്തു ചെയ്യണം?

മാർഗ്ഗരേഖ സംബന്ധിച്ചുള്ള ചർച്ച ഫൊറോന മാസധ്യാനാവസരത്തിൽ നടത്തുകയും അതിന്റെ റിപ്പോർട്ട് ആഗസ്റ്റ് 12-ാം തിയ്യതിക്ക് മുമ്പായി രൂപതാകച്ചേരിയിൽ എത്തിക്കുകയും ചെയ്യേണ്ടതാണ്.

**മാർ ജേക്കബ് മനത്തോടത്ത്**
പാലക്കാട് രൂപതയുടെ മെത്രാൻ





2011



# BISHOP'S Engagements

| | | |
|---|---|---|
| **AUGUST** | | |
| 1 | AM | St. Mary's Polytechnic, Valliyode |
| | PM | Paalana Hospital, Palakkad |
| 2 | PM | Mt. St. Thomas, Kakkanad |
| 3 | AM | Mt. St. Thomas, Kakkanad |
| | PM | Pre-Cana Course |
| 4 | PM | St. Thomas ITC, Kanjirapuzha |
| | | Sehion Retreat Centre, Thavalam |
| 6 | PM | Vestition & Jubilee, CHF, Vadakkenchery |
| 8 - 12 | | KCBC - Bishops' Retreat |
| 13 | | Meeting of Kaikkars & Pastoral Council, Pastoral Centre. |
| 14 | | Christ the King Church, Nemmara |
| 15 | | St. Raphael's Cathedral, Palakkad |
| 16 | | Valamangalam S.H. Church |
| 17 - 27 | | Synod, Mt. St. Thomas, Kakkanad |
| 29 | | Kottayam |
| 30 | AM | Vadekkenchery (Kudumba Koottayma) |
| **SEPTEMBER** | | |
| 1 | | Intercuria Meeting, Trichur |
| 2 | PM | Meeting, Yuvakshetra |
| 3 | | Mangalam Dam (Kudumba Koottayma) |
| 4 - 5 | | Seminary, Mangalapuzha |
| 6 | | P.S.S.P. Meeting, Pasroral Centre |
| 7 | | Pre-Cana, Yuvakshethra, Mundur |
| 8 | | Church Blessing, Kallekkad |
| | PM | Sehion Retreat Centre, Thavalam |
| 10 | | Irinjalakuda |
| 11 | | Palliyara, Kottathara |
| 12-17 | | Annual Retreat of Priests, Yuvakshethra |



# From the Bishop's Office

**മാർ ജോസഫ് ഇരിമ്പൻ - ചരമവാർഷികം**

രൂപതയുടെ ആരംഭം മുതൽ 1997 വരെ നമ്മുടെ ആത്മീയവും ഭൗതികവുമായ ഉന്നമനത്തിനുവേണ്ടി സ്നേഹ ശുശ്രൂഷചെയ്തു കടന്നുപോയ മാർ ജോസഫ് ഇരിമ്പൻ പിതാവിന്റെ പതിനാലാം ചരമ വാർഷികം ആഗസ്റ്റ് 23-ാം തിയ്യതിയാണല്ലോ. പിതാവിനെ നമുക്ക് സ്നേഹത്തോടും കൃതജ്ഞതയോടുംകൂടി അനുസ്മരിക്കാം. പിതാവിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കാം. അന്നേദിവസമോ സൗകര്യപ്പെടുന്ന മറ്റൊരു ദിവസമോ പിതാവിന്റെ ആത്മശാന്തിക്കുവേണ്ടി ഇടവകകളിലും സ്ഥാപനങ്ങളിലും ദിവ്യബലിയർപ്പിക്കേണ്ടതാണ്.

**മാർ ജേക്കബ് മനത്തോടത്ത്**

**ജീസസ് ഫ്രട്ടേണിറ്റി ഞായർ**

കെ.സി.ബി.സിയുടെ നേതൃത്വത്തിലുള്ള ജീസസ് ഫ്രട്ടേണിറ്റി ആഗസ്റ്റ് **7-ാം** തിയ്യതി ജീസസ് ഫ്രട്ടേണിറ്റി ഞായറായി ആഘോഷിക്കുന്നു. തടവറയിലെ സഹോദരങ്ങളുടെ കുടുംബങ്ങൾക്കും അവരുടെ മക്കൾക്കും സഹായം നൽകുവാൻ അന്നേ ദിവസത്തെ പ്രത്യേക പിരിവ് രൂപതാ കാര്യാലയത്തിൽ ഏൽപ്പിക്കുമല്ലോ.

**ജസ്റ്റിസ് സൺഡേ**

ഭാരതസഭ ഈ വർഷം ആഗസ്റ്റ് 21-ാം തിയ്യതി നീതി ഞായറായി (ജസ്റ്റിസ് സൺഡേ) ആചരിക്കുകയാണ്. മതത്തിന്റെ പേരിൽ തുല്യ അവകാശവും നീതിയും നിഷേധിക്കപ്പെട്ട ഭാരതത്തിലെ ദലിത് ക്രൈസ്തവർ നീതിക്കുവേണ്ടി പോരാടുന്ന സാഹചര്യത്തിലാണ് വീണ്ടുമൊരു നീതി ഞായർ കടന്നുവരുന്നത്. ഭാരതം സ്വാതന്ത്ര്യം പ്രാപിച്ചിട്ട് 64 വർഷം തികയുകയാണ്. സ്വതന്ത്രഭാരതത്തിൽ നീതി കിട്ടാത്ത ഒരു ജനവിഭാഗമാണ് ദലിത് ക്രൈസ്തവർ.

ജസ്റ്റിസ് സൺഡേ ദിനമായി ആചരിക്കുന്ന ആഗസ്റ്റ് 21-ാം തിയ്യതി വി. കുർബാന മദ്ധ്യേ നൽകുന്ന സംഭാവന ഉദാരപൂർവ്വമായിരിക്കാൻ ശ്രദ്ധിക്കുമല്ലോ. ഇപ്രകാരം സ്വരൂപിക്കുന്ന തുക നമ്മുടെ ദലിത് സഹോദരങ്ങളുടെ സമഗ്രമായ ഉന്നമനത്തിനുവേണ്ടിയാണ് വിനിയോഗിക്കപ്പെടുന്നത്.





**വൈദികരുടെ മാസധ്യാനം**

ആഗസ്റ്റ് മാസത്തിലെ വൈദികരുടെ മാസധ്യാനം അതാത് ഫൊറോനകളിൽ വെച്ച് നടത്തപ്പെടുന്നതാണ്.

**വൈദികരുടെ വാർഷികധ്യാനം**

രൂപതയിലെ ബഹുമാനപ്പെട്ട വൈദികരുടെ വാർഷിക ധ്യാനം സെപ്റ്റംബർ 12 -17 വരെയായിരിക്കും. ധ്യാനഗുരു: അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ.

**നിത്യാരാധന കപ്പേള**

**ഓഗസ്റ്റ് 15** മാതാവിന്റെ സ്വർഗ്ഗാരോപണ തിരുന്നാൾ ആയതിനാൽ അന്നേദിവസം കപ്പേളയിൽ ആരാധനയും വിശുദ്ധ കുർബാനയും ഉണ്ടായിരിക്കുന്നതല്ല.

**കൈക്കാരന്മാരുടെ സമ്മേളനം**

പുതുതായി രൂപീകരിച്ച രൂപതാ പാസ്റ്ററൽ കൗൺസിലിന്റെയും ഇടവകകളിലെ കൈക്കാരന്മാരുടെയും സംയുക്ത സമ്മേളനം ആഗസ്റ്റ് 13-ാം തിയ്യതി ശനിയാഴ്ച 10.30ന് പാസ്റ്ററൽ സെന്ററിൽവച്ച് നടത്തുന്നതാണ്. പാസ്റ്ററൽ കൗൺസിൽ അംഗങ്ങളെയും കൈക്കാരന്മാരെയും പ്രസ്തുത സമ്മേളനത്തിലേക്ക് ക്ഷണിക്കുന്നു. മിഷൻ വർഷാചരണത്തെപ്പറ്റി യോഗത്തിൽ പ്രത്യേകം ചർച്ചചെയ്യുന്നതാണ്. അതിന് നേതൃത്വം കൊടുക്കാൻ സഭാകാര്യാലയത്തിൽ നിന്ന് ഒരു ടീം വരുന്നതാണ്. യോഗത്തിൽ സംബന്ധിക്കുന്നതിനു വേണ്ട നിർദ്ദേശങ്ങൾ ബഹു. വികാരിയച്ചന്മാർ ബന്ധപ്പെട്ടവർക്ക് നൽകേണ്ടതാണ്.

**തെരട്ടു സമർപ്പിച്ച പള്ളികൾ, പുതിയ കൈക്കാരന്മാർ**

| | |
|---|---|
| മൂച്ചംകുണ്ട് | ശ്രീ. അനു പുളിയംമാക്കൽ, ശ്രീ. ജോയ് അരിപ്പറമ്പിൽ |
| പാലപ്പുറം | ശ്രീ. അബ്രഹാം മുട്ടത്ത്, ശ്രീ. മാത്യു തോമസ്, ചേന്നമുറിയിൽ |
| കൊടുന്തിരപ്പുള്ളി | ശ്രീ. ഈനാശു ഇമ്മട്ടി, ശ്രീ. ജേക്കബ് വാഴക്കാമലയിൽ |
| കൊടുവായൂർ | ശ്രീ. ജോസ് പാലയൂർ, ശ്രീ. ജേക്കബ് പടമാടൻ |
| വാളയാർ | ശ്രീ. ബേബി ചാലയ്ക്കൽ, അനുമോൻ അനുപമ |
| തിരുവിഴാംകുന്ന് | ശ്രീ. ബാബുതോമസ്, കൊച്ചുപറമ്പിൽ, ശ്രീ. ബെന്നി ഇടവഴിക്കൽ |
| കടമ്പൂർ | ശ്രീ. രാജു ചേന്നമറ്റത്തിൽ, ശ്രീ. റ്റോമി ചാലയ്ക്കൽ |
| അഗളി | ശ്രീ. ഷൈജു പുളയ്ക്കൽ, ശ്രീ. ജോസഫ് തെടുവനാൽ |
| പല്ലിയറ | ശ്രീ. ജോയ് പ്ലാങ്കാലവില്ല, ശ്രീ. ബെന്നി വടക്കേക്കര |
| കോട്ടയി | ശ്രീ. ആന്റണി പുത്തൻപറമ്പിൽ, ശ്രീ. ആന്റണി കൊമ്പൻ |
| മണ്ണാർക്കാട് | ശ്രീ. വിനു വാച്ചാപറമ്പിൽ, ശ്രീ. ഫിലിപ്പ് ചോതിപറമ്പിൽ ശ്രീ. സാബു തട്ടാംപറമ്പിൽ |
| പോത്തുണ്ടി | ശ്രീ. സിബി കളപ്പുരയ്ക്കൽ, ശ്രീ. വർഗ്ഗീസ് കുന്നത്തുപറമ്പിൽ |
| പൊൻകണ്ടം | ശ്രീ. ജെയ്മോൻ കുര്യൻ ആരായ്ക്കൽ, ശ്രീ. ജോസ് എട്ടാനിൽ |
| സേലം | ശ്രീ. ജോയ് ജോസഫ് ചിറ്റിലപ്പിള്ളി, ശ്രീ. സുഭാഷ് പൊഴലിപ്പറമ്പിൽ, ശ്രീ. സെബാസ്റ്റ്യൻ പ്ലാത്തോട്ടത്തിൽ |

## Names of priests who are to lead the adoration at Nithyaaraadhana Chapel, Palakkad.

| Date | Day | Name |
|---|---|---|
| 1-Sep-11 | THU | Rev. Fr. Angeveettil Jose |
| 2-Sep-11 | FRI | Rev. Fr. Anjilimoottil Cherian |
| 3-Sep-11 | SAT | Rev. Fr. Arackal John |
| 5-Sep-11 | MON | Rev. Fr. Arikatt Anto |
| 6-Sep-11 | TUE | Rev. Fr. Arisseriyil Thomas |
| 7-Sep-11 | WED | Rev. Fr. Chakkalakal Joshy |
| 8-Sep-11 | THU | Rev. Fr. Chakkumpeedika Davis |
| 9-Sep-11 | FRI | Rev. Fr. Cheniyara Jose |
| 10-Sep-11 | SAT | Rev. Fr. Cheekkapara Joy |
| 12-Sep-11 | MON | Rev. Msgr. Chittilapilly Joseph |
| 13-Sep-11 | TUE | Rev. Fr. Kalappura Thomas MST |
| 14-Sep-11 | WED | Rev. Fr. Chiriyankandath Joju CMI |
| 15-Sep-11 | THU | Rev. Fr. Narimattathil Bineesh CST |
| 16-Sep-11 | FRI | Rev. Fr. Chalissery Joy CMI |
| 17-Sep-11 | SAT | Rev. Fr. Jose Paul CMI |
| 19-Sep-11 | MON | Rev. Fr. Chittilapilly Jose P. |
| 20-Sep-11 | TUE | Rev. Fr. Chothirakottu Peter |
| 21-Sep-11 | WED | Rev. Fr. Edathala George |
| 22-Sep-11 | THU | Rev. Fr. Ettonnil Gilbert |
| 23-Sep-11 | FRI | Rev. Fr. Ettumanookaran Martin |
| 24-Sep-11 | SAT | Rev. Fr. Kaitharath Antony |
| 26-Sep-11 | MON | Rev. Fr. Kalamattathil Arun |
| 27-Sep-11 | TUE | Rev. Fr. Kalampadan Martin |
| 28-Sep-11 | WED | Rev. Fr. Kalapurakkal Joseph |
| 29-Sep-11 | THU | Rev. Fr. Kallingal Joseph |
| 30-Sep-11 | FRI | Rev. Fr. Kalluvelil Jose |

**NB: The Rev. Fathers are to reach the Adoration Chapel on the previous day at 3.00 p.m and do the ministry till 3.00 p.m on the given day.**





## വിശ്വാസപരിശീലനവേദി

**മതാദ്ധ്യാപക സെമിനാറുകൾ**

ഈ വർഷത്തെ മതബോധന വിഷയമായ "പോകുവിൻ പ്രഘോഷിക്കുവിൻ" എന്നതിനെ ആസ്പദമാക്കി ഏകദിന സെമിനാറുകൾ എല്ലാ ഫൊറോനകളിലും സംഘടിപ്പിക്കുന്നു. സമസ്തസൃഷ്ടികളോടും സുവിശേഷം പ്രഘോഷിക്കാൻ കടപ്പെട്ടവരായ നമുക്ക് ഈശോയുടെ ഉത്ഥാനാനുഭവത്തിൽ ഭാഗഭാക്കുകളാകാനും സുവിശേഷാനുസൃതമായ ജീവിതം നയിക്കുവാനും ഈ വർഷത്തെ സെമിനാറുകൾ നമ്മെ സഹായിക്കട്ടെ.

**സെമിനാറുകൾ നടക്കുന്ന സ്ഥലവും തിയ്യതിയും ചുവടെചേർക്കുന്നു.**

| | | | |
|---|---|---|---|
| ആഗസ്റ്റ് 30 | ചൊവ്വ | 9.30 am to 4.00 pm | ഒലവക്കോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ആഗസ്റ്റ് 30 | ചൊവ്വ | 9.30 am to4.00 pm | പാലക്കാട് ഫൊറോന (പാസ്റ്ററൽ സെന്റർ) |
| സെപ്റ്റം. 10 | ശനി | 9.30 am to 4.00 pm | കാഞ്ഞിരപ്പുഴ ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| സെപ്റ്റം. 10 | ശനി | 9.30 am to 4.00 pm | പൊന്നംകോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| സെപ്റ്റം. 21 | ബുധൻ | 9.30 am to 4.00 pm | മേലാർക്കോട് ഫൊറോന (നെന്മാറ പാരിഷ്ഹാൾ) |
| സെപ്റ്റം. 21 | ബുധൻ | 9.30 am to 4.00 pm | തത്തമംഗലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഒക്ടോ. 5 | ബുധൻ | 9.30 am to 4.00 pm | മഗലംഡാം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഒക്ടോ.5 | ബുധൻ | 9.30 am to 4.00 pm | വടക്കഞ്ചേരി ഫൊറോന (ചെറുപുഷ്പം സ്കൂൾ) |

**മതാദ്ധ്യാപക ധ്യാനങ്ങൾ**

ഈ വർഷം എല്ലാ ഫൊറോനകളിലും മതാദ്ധ്യാപകർക്കായി ഏകദിന ധ്യാനം സംഘടിപ്പിക്കുന്നതാണ്. ധ്യാനത്തിൽ പങ്കെടുത്ത് ആത്മീയമായി വളരാൻ എല്ലാ മതാദ്ധ്യാപകരും പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**ധ്യാനങ്ങൾ നടക്കുന്ന സ്ഥലവും തിയ്യതിയും ചുവടെ ചേർക്കുന്നു.**

| | | | |
|---|---|---|---|
| ആഗസ്റ്റ് 13 | ശനി | 9.30amto 4.00 pm | ഒറ്റപ്പാലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |

| | | | |
|---|---|---|---|
| സെപ്റ്റം. 21 | ബുധൻ | 9.30 am to 4.00 pm | കാഞ്ഞിരപ്പുഴ ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| സെപ്റ്റം. 21 | ബുധൻ | 9.30 am to 4.00 pm | മണ്ണാർക്കാട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഒക്ടോ. 26 | ബുധൻ | 9.30 am to 4.00 pm | മേലാർക്കോട് ഫൊറോന (നെന്മാറ പാരിഷ്ഹാൾ) |
| ഒക്ടോ. 26 | ബുധൻ | 9.30 am to 4.00 pm | തത്തമംഗലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| നവംബർ 26 | ശനി | 9.30am to 4.00 pm | താവളം ഫൊറോന (സെഹിയോൻ ധ്യാനകേന്ദ്രം) |
| ഡിസംബർ 5 | തിങ്കൾ | 9.30 am to 4.00 pm | ഒലവക്കോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |

**I & II HDC ഏകദിന സെമിനാറുകൾ**

HDC ക്ലാസ്സിലെ പഠനശേഷം വിശ്വാസപരിശീലന രംഗത്തു നിന്നും ഔദ്യോഗികമായി വിടപറയാൻ ഒരുങ്ങുന്ന നമ്മുടെ കുട്ടികൾക്ക് തങ്ങൾ പഠിച്ചറിഞ്ഞ കാര്യങ്ങൾ എങ്ങനെ പ്രായോഗികമാക്കണം എന്നതിനെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാടും അവബോധവും നൽകുക എന്നതാണ് ഈ സെമിനാറിന്റെ ലക്ഷ്യം. അധ്യയന വർഷത്തിലെ ഞായറാഴ്ചകളിൽ തന്നെയാണ് ഇവ നടത്തുന്നത്. സെമിനാർ രാവിലെ 9.30 ന് ആരംഭിച്ച് 4.00 മണിക്ക് അവസാനിക്കുന്നു. സെമിനാർ ദിവസം വി. കുർബാന അതാതു സെന്ററുകളിൽ ഉണ്ടായിരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 25 രൂപ.

**സെമിനാറുകൾ നടക്കുന്ന സ്ഥലവും തിയ്യതിയും**

| | | | |
|---|---|---|---|
| ആഗസ്റ്റ് 7 | ഞായർ | 9.30am to4.00 pm | ഒറ്റപ്പാലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ആഗസ്റ്റ് 14 | ഞായർ | 9.30 am to 4.00 pm | ഒലവക്കോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ആഗസ്റ്റ് 21 | ഞായർ | 9.30 am to 4.00 pm | താവളം ഫൊറോന (സെഹിയോൻ ധ്യാനകേന്ദ്രം) |
| ആഗസ്റ്റ് 28 | ഞായർ | 9.30 am to 4.00 pm | മംഗലംഡാം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| സെപ്റ്റം. 4 | ഞായർ | 9.30 am to 4.00 pm | മേലാർക്കോട് ഫൊറോന (നെന്മാറ പാരിഷ്ഹാൾ) |
| ഒക്ടോ. 9 | ഞായർ | 9.30 am to 4.00 pm | പൊന്നംകോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഒക്ടോ. 16 | ഞായർ | 9.30 am to 4.00 pm | പാലക്കാട് & തത്തമംഗലം ഫൊറോനകൾ (പാസ്റ്ററൽ സെന്റർ) |





**യൂണിറ്റ് സന്ദർശനം**

യൂണിറ്റുകളിൽ വിശ്വാസ പരിശീലനത്തിന് പ്രോത്സാഹനവും നിർദ്ദേശങ്ങളും നൽകുക എന്ന ലക്ഷ്യത്തോടെ നെന്മാറ, ചിറ്റിലഞ്ചേരി, പൂഞ്ചോല, മൈലംപുള്ളി എന്നീ യൂണിറ്റുകൾ സന്ദർശിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

**സ്റ്റാറ്റിസ്റ്റിക്സ്& ന്യൂ ടീച്ചേഴ്സ് ഫോം**

സൺഡേ സ്കൂളിന്റെ സ്റ്റാറ്റിസ്റ്റിക്സ് പുതിയ അധ്യാപകരുടെ സർവ്വീസ് ഡാറ്റാഫോം എന്നിവ ഇനിയും മതബോധന കേന്ദ്രത്തിൽ എത്തിക്കാത്തവർ എത്രയും പെട്ടെന്ന് അവ എത്തിക്കേണ്ടതാണ്.

**രൂപതാ മതബോധന കൗൺസിൽ**

ആഗസ്റ്റ് 13-ാം തിയ്യതി ശനിയാഴ്ച രൂപതാ മതബോധന കൗൺസിൽ മീറ്റിംഗ് രാവിലെ 10 മണി മുതൽ 1 മണി വരെ പാസ്റ്ററൽ സെന്ററിൽ വെച്ച് നടക്കുന്നു. രൂപതാ കൗൺസിൽ അംഗങ്ങളെല്ലാവരും പ്രസ്തുത മീറ്റിംഗിൽ സംബന്ധിക്കേണ്ടതാണ്. മതാദ്ധ്യാപക ദിനാഘോഷമാണ് ചിന്താവിഷയം.

**ജനറൽക്വിസ് 2011-2012**

സൺഡേ കാറ്റികിസം പരീക്ഷകൾ, സ്കൊളാസ്റ്റിക് ടെസ്റ്റ് ക്വിസ്മത്സരങ്ങൾ തുടങ്ങിയവയ്ക്കുള്ള ചോദ്യങ്ങൾ അടങ്ങിയ പുസ്തകം 'വിശ്വാസ പരിശീലനത്തിനൊരു വഴികാട്ടി' സാൻജോ ബുക്ക് സ്റ്റാളിൽ നിന്ന് ലഭിക്കുന്നതാണ്. **(വില. 35 രൂപ 10 പുസ്തകത്തിൽ അധികം എടുത്താൽ 30 രൂപ)**

**HDC കറൻസ്പോണ്ടൻസ് കോഴ്സ്**

വിശ്വാസ പരിശീലനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട കാലഘട്ടമാണല്ലോ കൗമാരവും യൗവ്വനവും. അതിനോടനുബന്ധിച്ച് നമ്മൾ നടത്തുന്ന HDC പരിശീലനവും. വിശ്വാസ പരിശീലനം നേരിടുന്ന ഒരു പ്രധാനവെല്ലുവിളിയാണ് ഞായറാഴ്ചകളിൽ നടത്തപ്പെടുന്ന എൻട്രൻസ് കോച്ചിംഗ് ക്ലാസുകളും കോൺടാക്ട് ക്ലാസുകളും. ഇവ മൂലം വിശ്വാസ പരിശീലന ക്ലാസുകളിൽ സംബന്ധിക്കാത്ത കുട്ടികളെ ലക്ഷ്യംവച്ച് മതബോധന കേന്ദ്രത്തിൽ HDC കറസ്പോണ്ടൻസ് കോഴ്സ് സംഘടിപ്പിക്കുന്നു. ഇതിൽ സംബന്ധിക്കാൻ ആഗ്രഹിക്കുന്ന കുട്ടികൾ പ്രസ്തുത ഫോറം പൂരിപ്പിച്ച് വികാരിയച്ചന്റെയും എൻട്രൻസ് കോച്ചിംഗ് സ്ഥാപനത്തിന്റെയും പഠിക്കുന്ന സ്ഥാപനത്തിന്റെ സാക്ഷ്യപത്രവും രജിസ്ട്രേഷൻ ഫീസായ 200 രൂപ സഹിതം മതബോധന കേന്ദ്രത്തിൽ ആഗസ്റ്റ് 30 ന് മുൻമ്പായി ഏൽപിക്കേണ്ടതാണ്.

പാസ്റ്ററൽ സെന്ററിൽ താമസിച്ചാണ് രണ്ടുദിവസത്തെ സെമിനാർ നടക്കുക. ഈ വർഷത്തെ കറസ്പോണ്ടൻസ് കോഴ്സ് ഒക്ടോബർ 5, 6 തിയ്യതികളിലും ഡിസംബർ 26നുമായിരിക്കും നടക്കുക.

**കയ്യെഴുത്ത് മാസികാമത്സരം**

Vമുതൽ XII വരെയുള്ള ക്ലാസുകളിലെ കുട്ടികൾക്കാണ് കയ്യെഴുത്ത് മാസിക മത്സരം സംഘടിപ്പിച്ചിരിക്കുന്നത്. മാസികയുടെ നീളം 12 ഇഞ്ചും വീതി 3 ഇഞ്ചും ആയിരിക്കണം. വരച്ച ചിത്രങ്ങൾ അല്ലാതെ ഫോട്ടോകൾ പാടില്ല. ഈ വർഷത്തെ പഠനവിഷയത്തെ ആസ്പദമാക്കി 2 രചനകൾ എങ്കിലും ഉണ്ടായിരിക്കണം.100 പേജിൽ കവിയാനും 75 പേജിൽ കുറയാനും പാടില്ല. മാസികയുടെ പേര് കഴിഞ്ഞുള്ള പേജ് ഒന്നും എഴുതാതിരിക്കാൻ ശ്രദ്ധിക്കണം. 2011 ഡിസംബർ 1-ാംതിയ്യതി ഫൊറോന ഡയറക്ടറെ കയ്യെഴുത്തു മാസിക ഏൽപ്പിക്കേണ്ടതാണ്. ഒരു ഇടവകയിൽ നിന്ന് ഒരു കയ്യെഴുത്തുമാസികയേ സ്വീകരിക്കുകയുള്ളൂ. ഫൊറോനാ തലത്തിലും രൂപതാ തലത്തിലും സമ്മാനങ്ങൾ ഉണ്ടയിരിക്കുന്നതാണ്. മലയാളം, ഇംഗ്ലീഷ്, എന്നീ ഭാഷകളിൽ രചനകൾ എഴുതാം.

**അധ്യാപകർക്കായുള്ള സാഹിത്യമത്സരങ്ങൾ**

മതാദ്ധ്യാപകർക്ക് കൂടുതൽ പഠിക്കുവാനും തങ്ങളുടെ സാഹിത്യവാസനകളെ വളർത്തുവാനും സഹായകമാകത്തക്കവിധത്തിൽ മതബോധന വിഷയത്തെ ആസ്പദമാക്കി സാഹിത്യമത്സരങ്ങൾ സംഘടിപ്പിക്കുന്നു. ഉപന്യാസം കവിത, ചെറുകഥ എന്നീ രചനാമത്സരങ്ങളായിരിക്കും ഉണ്ടായിരിക്കുക.(ഉപന്യാസം 5-10 പേജുകൾ കവിത 20-40 വരികൾ, ചെറുകഥ 3.5 പേജുകൾ) ഓഗസ്റ്റ് 30 ന് മുമ്പായി ഈ രചനകൾ മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

**റെഗുലർ സ്കൂൾ അധ്യാപകസെമിനാറുകൾ**

കുട്ടികൾക്ക് മൂല്യാധിഷ്ഠിതവും സൻമാർഗ്ഗികവുമായ വളർച്ചയ്ക്ക് സഹായിക്കുന്നതിനായി റെഗുലർസ്കൂൾ അദ്ധ്യാപകർക്കായി മേഖലാടിസ്ഥാനത്തിൽ സെമിനാറുകൾ സംഘടിപ്പിക്കുന്നു. സെമിനാറുകൾ നടക്കുന്ന തിയ്യതിയും സ്ഥലവും ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ഒക്ടോ. 26 | ബുധൻ | 10 am to 4 pm | മണ്ണാർക്കാട് മേഖല (ഫൊറോന പാരിഷ്ഹാൾ) |
| ഒക്ടോ. 26 | ബുധൻ | 10 am to 4 pm | താവളം മേഖല (സെന്റ് പീറ്റേഴ്സ് സ്കൂൾ, കൂക്കംപാളയം) |

**റെഗുലർ സ്കൂൾ സ്റ്റാറ്റിസ്റ്റിക്സ് & പദ്ധതി**

എല്ലാ സ്കൂളുകളും സ്റ്റാറ്റിസ്റ്റിക്സ് ഫോമും 2011-12 അദ്ധ്യയന വർഷത്തിലെ സ്കൂൾതല വിശ്വാസ പരിശീലന പ്രവർത്തനങ്ങളുടെ കർമ്മപദ്ധ





തിയും എത്രയും വേഗം മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

**മതാദ്ധ്യാപക അവാർഡുകൾ**

രൂപതയിൽ 15,25,35 വർഷങ്ങൾ അദ്ധ്യാപനം പൂർത്തിയാക്കിയ മതാധ്യാപകർക്ക് അവാർഡുകൾ നൽകി ആദരിക്കുന്നു. അവാർഡുകൾ ലഭിക്കുന്നതിനായി പൂരിപ്പിച്ചുതരേണ്ട ഫോം മതബോധനകേന്ദ്രത്തിൽ നിന്നും വാങ്ങാവുന്നതാണ്. പൂരിപ്പിച്ച അപേക്ഷ ഫോം ഫോട്ടോയോടുകൂടി ഓഗസ്റ്റ് 30 ന് മുൻപായി മതബോധന കേന്ദ്രത്തിൽ ഏല്പിക്കേണ്ടതാണ്.

**കുട്ടികളുടെ ചെറുകഥാ ഉപന്യാസമത്സരം**

V മുതൽ II HDC വരെയുള്ള മതബോധന വിദ്യാർത്ഥികൾക്കായി സെപ്റ്റംബർ 11-ാം തിയ്യതി ചെറുകഥാമത്സരവും സെപ്റ്റംബർ 18 ഞായറാഴ്ച ഉപന്യാസ മത്സരവും നടക്കുന്നു. മത്സരവിഷയങ്ങൾ മതബോധന വിഷയവുമായി ബന്ധപ്പെട്ടതായിരിക്കും.

**ഒന്നാം സെമസ്റ്റർ പരീക്ഷ**

ഞായറാഴ്ച വേദോപദേശത്തിന്റെ ഒന്നാം സെമസ്റ്റർ പരീക്ഷ ഒക്ടോബർ 2-ാം തിയ്യതി ഞായറാഴ്ച നടക്കുന്നു V മുതൽ II HDC ക്ലാസുവരെ ഒന്നാം സെമസ്റ്റർ പരീക്ഷ 100 മാർക്കിൽ ആയിരിക്കും പഠനഭാഗം 80 മാർക്ക്, ജനറൽ ക്വിസ് 10 മാർക്ക്, ലോഗോസ് ക്വിസ് 10 മാർക്ക് ഒന്നാം സെമസ്റ്ററിൽ ഇന്റേണൽ മാർക്ക് ഉണ്ടായിരിക്കുന്നതല്ല. I മുതൽ IV 80 മാർക്കിൽ ആയിരിക്കും പരീക്ഷ.

NB: English Question paper ആവശ്യമുള്ളവർ **ആഗസ്റ്റ് 30** ന് മുമ്പ് എണ്ണം മതബോധന കേന്ദ്രത്തിൽ അറിയിക്കേണ്ടതാണ്.

ജനറൽ ക്വിസ് (വിശ്വാസപരിശീലനത്തിന് ഒരു വഴികാട്ടി)

| | | |
|---|---|---|
| **പഠനഭാഗം :** | **യു.പി.** | **പേജ് 21-50** |
| | **എച്ച്.എസ്.** | **പേജ് 51-98** |
| | **എച്ച്.എസ്.എസ്.** | **പേജ് 155- 183** |

**അധ്യാപകരുടെ ക്വിസ്മത്സരം**

അധ്യാപകർക്കായുള്ള ക്വിസ് മത്സരം രണ്ടു തലങ്ങളായാണ് നടത്തപ്പെടുന്നത്. ഇടവകകളിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്ന ഒരു ടീം ഫൊറോന തലത്തിൽ മത്സരിക്കുന്നു. അവിടെ നിന്ന് വിജയികളായവരാണ് രൂപതാ തലത്തിൽ മത്സരിക്കുന്നത്. നവംബർ 12-ാം തിയ്യതി ഫൊറോന തലവും ഡിസംബർ 5ന് രൂപതാ തലവും നടത്തപ്പെടുന്നു. ഫൊറോനാതലത്തിൽ എഴുത്ത് പരീക്ഷയും രൂപതാ തലത്തിൽ ഓഡിയോ വിഷൻ കൂടി ഉൾപ്പെടുത്തിയുള്ള പരീക്ഷയായിരിക്കും.

**പഠനഭാഗം** (വിശ്വാസപരിശീലനത്തിന് ഒരു വഴികാട്ടി)

ജനറൽ ക്വിസ് - 50% (പേജ് 51-81, 173-215), ബൈബിൾ - 50% (മത്തായി 15-28, പത്രോസ് എഴുതിയ ഒന്നാം ലേഖനം)

**കുട്ടികളുടെ ക്വിസ് മത്സരം**

U.P,HS,HSS എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളായി തിരിച്ചാണ് മത്സരങ്ങൾ നടക്കുന്നത്. ഇടവകയിൽ നിന്നുള്ള ഒരു ടീം ഫൊറോനയിൽ പങ്കെടുക്കുന്നു അവിടെ നിന്നും വിജയിച്ചവരാണ് രൂപതാ തലത്തിൽ യോഗ്യത നേടുക. നവംബർ 12 ഫൊറോന തലവും ഡിസംബർ 17 ന് രൂപതാതലവും നടത്തപ്പെടുന്നു. ഫൊറോനതല മത്സരം എഴുത്തു പരീക്ഷയായിരിക്കും.

പഠനഭാഗം : (വിശ്വാസപരിശീലനത്തിന് ഒരു വഴികാട്ടി)

ജനറൽക്വിസ് - 50% (യു.പി 25-50, 100-132, എച്ച്.എസ്. 51-98, 134-149, എച്ച്.എസ്.എസ്. 155-215), ബൈബിൾ - 50% (മത്തായി 15-28, പത്രോസ് എഴുതിയ ഒന്നാം ലേഖനം)

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ, വിശ്വാസപരിശീലനവേദി




## ബൈബിൾ അപ്പോസ്തലേറ്റ്

**ബൈബിൾ കറസ്പോണ്ടൻസ് കോഴ്സ്**

ബൈബിൾ വായിക്കുന്നതിനും പഠിക്കുന്നതിനും പ്രാർത്ഥിക്കുന്നതിനും ബൈബിൾ കേന്ദ്രീകൃത ജീവിതം കെട്ടിപ്പടുക്കുന്നതിനും ക്രൈസ്തവർക്ക് ഇന്ന് പ്രത്യേക താൽപര്യമുണ്ട്. വിശുദ്ധ ഗ്രന്ഥം മനസ്സിലാക്കുന്നതിന് വ്യാഖ്യാനം ആവശ്യമാണ്. ശാസ്ത്രീയമായി ബൈബിൾ കോഴ്സുകളിൽ സംബന്ധിച്ച് പഠിക്കാൻ സാധിക്കാത്തവർക്ക് വീട്ടിലിരുന്ന് കിട്ടുന്ന സമയം ചിലവഴിച്ച് ബൈബിൾ പഠിക്കാൻ അവസരമുണ്ടാക്കുക എന്ന ലക്ഷ്യത്തോടെയാണ് ബൈബിൾ കമ്മീഷൻ ബൈബിൾ കറസ്പോണ്ടൻസ്കോഴ്സ് (തപാൽ വഴിയുള്ള ബൈബിൾ പഠന പദ്ധതി) ഒരുക്കിയിരിക്കുന്നത്. താൽപര്യമുള്ളവർ കൂടുതൽ വിവരങ്ങൾക്ക് രൂപതാ ബൈബിൾ അപ്പസ്തോലേറ്റുമായി ബന്ധപ്പെടുക. Phone : 9447997959, 0491-2510257

**ലോഗോസ് ക്വിസ് 2011**

രക്ഷകനും നാഥനുമായ യേശുക്രിസ്തുവിനെ ആഴത്തിൽ അറിയുക, വി.ഗ്രന്ഥം പ്രാർത്ഥനാപൂർവ്വം പഠിക്കുക എന്നീ ലക്ഷ്യങ്ങളോടെ കെ.സി.ബി.സി ബൈബിൾ കമ്മീഷന്റെയും കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെയും സംയുക്താഭാമുഖ്യത്തിൽ കേരളത്തിലെ എല്ലാ രൂപതകളെയും പങ്കെടുപ്പിച്ചുകൊണ്ട് മലയാളത്തിലും ഇംഗ്ലീഷിലുമായി





നടത്തപ്പെടുന്ന വ്യക്തിഗത ബൈബിൾ ക്വിസ് എഴുത്തുപരീക്ഷയാണ് ലോഗോസ് ക്വിസ് 2011.

**ലോഗോസ് ക്വിസ് 2011ന്റെ സവിശേഷതകൾ**

മത്സരത്തിൽ പങ്കെടുക്കുന്നവരെ പ്രായത്തെ അടിസ്ഥാനമാക്കി A, B, C, D, E എന്നീ 5 വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. മൂല്യനിർണ്ണയം നടത്തുന്നതും സമ്മാനങ്ങൾ നൽകുന്നതും ഈ അടിസ്ഥാനത്തിലായിരിക്കും.

A. വിഭാഗം-01-01-2000 ന് ശേഷം ജനിച്ചവർ

B. വിഭാഗം-01-01-1995 നും 31.12.1999 നും ഇടക്ക് ജനിച്ചവർ

C. വിഭാഗം-01-01-1980 നും 31.12.1994 നും ഇടക്ക് ജനിച്ചവർ

D. വിഭാഗം-01-01-1960 നും 31.12.1979 നും ഇടയ്ക്ക് ജനിച്ചവർ.

E. വിഭാഗം-31.12.1959 ന് മുമ്പ് ജനിച്ചവർ.

നിർബന്ധമായും രജിസ്ട്രേഷൻ മുൻകൂട്ടി ചെയ്തിരിക്കേണ്ടതാണ്. ഈ വർഷം മുതൽ രജിസ്ട്രേഷൻ ഓൺ ലൈനിലായിരിക്കും. ഒരു ഇടവകയെയോ ഒരു കത്തോലിക്കാ സ്ഥാപനത്തെയോ ഒരു പരീക്ഷാ സെന്ററായി അംഗീകരിക്കുന്നതാണ്. അവിടെ നിങ്ങൾക്ക് പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 10 രൂപ. രജിസ്ട്രേഷൻ ആരംഭിക്കുന്നത് 2011 ജൂൺ 1 നും രജിസ്ട്രേഷൻ അവസാനിക്കുന്നത് 2011 ജൂലായ് 31 നും ആയിരിക്കും.

**മത്സരത്തിനുള്ള പാഠഭാഗങ്ങൾ.**

1. പുറപ്പാട് 16-24, 2. മത്തായി 15-28, 3. പത്രോസ് എഴുതിയ ഒന്നാം ലേഖനം. പഠനത്തിനായി ഉപയോഗിക്കേണ്ടത് പി. ഒ. സി ബൈബിളും ഇംഗ്ലീഷിന് RSV ബൈബിളുമാണ്. പരീക്ഷാ സമയം രൂപതാതലത്തിൽ 2011 സെപ്റ്റംബർ 25-ാം തിയ്യതി ഉച്ചകഴിഞ്ഞ് 2.00 മുതൽ 4.00വരെയായിരിക്കും.

അഖില കേരള മത്സര പരീക്ഷയിൽ പങ്കെടുക്കാനുള്ളവരുടെ ജനന സർട്ടിഫിക്കറ്റും (വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയത്) ഇപ്പോഴത്തെ അഡ്രസ്സും ഓരോ ഫോട്ടോയും രൂപതാ ഡയറക്ടർമാർ നവംബർ 1 ന് മുൻപായി പി.ഒ.സിയിൽ എത്തിച്ചിരിക്കണം. രൂപതാതല വിജയികൾക്കായുള്ള (3x5=15) സംസ്ഥാനതല മത്സരം പി.ഒ.സിയിൽ വച്ച് 2011 നവംബർ 27 ന് രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 4.00 വരെയായിരിക്കും.

**സമ്മാനങ്ങൾ**

ആകർഷകമായ ക്യാഷ് അവാർഡുകൾ ഷീൽഡുകൾ പുസ്തകങ്ങൾ സ്വർണ്ണമെഡലുകൾ ട്രോഫികൾ, കെ.സി.ബി.സി ബൈബിൾ കമ്മീഷൻ

സർട്ടിഫിക്കറ്റുകൾ എന്നീ നിരവധി സമ്മാനങ്ങൾ നൽകപ്പെടുന്നു.1

രൂപതാ തലത്തിൽ 1, 2, 3 റാങ്ക് ലഭിക്കുന്നവർക്ക് 4, 5 സ്ഥാനം ലഭിക്കുന്നവർക്കും സണ്ടേസ്കൂൾതലം V മുതൽ II HDC വരെയുള്ള ഓരോ ക്ലാസ്സിലെയും 1, 2, 3 സ്ഥാനക്കാർക്കും കൂടുതൽ അംഗങ്ങളെ രജിസ്റ്റർ ചെയ്ത ഇടവകകൾക്കും ആനുപാതികമായി കൂടുതൽ അംഗങ്ങളെ രജിസ്റ്റർ ചെയ്ത ഇടവകകൾക്കും 100% പരീക്ഷ എഴുതിയ സണ്ടേസ്കൂളുകൾക്കും ട്രോഫിയും സമ്മാനവും നൽകുന്നതാണ്. രൂപതാതല രജിസ്ട്രേഷന്റെ എണ്ണമനുസരിച്ച് സമ്മാനങ്ങളുടെ തുക ക്രമീകരിക്കുവാൻ ബൈബിൾ അപ്പോസ്റ്റലേറ്റ് ഡയറക്ടർമാർക്ക് അധികാരമുണ്ടായിരിക്കും.

**ഫാ. ജോമിസ് കൊടകശ്ശേരിൽ**

ഡയറക്ടർ, ബൈബിൾ അപ്പസ്റ്റോലേറ്റ്

## ABA അൾത്താരസംഘം

**അൾത്താര സംഘം സെമിനാറുകൾ**

എല്ലാ വർഷങ്ങളിലേതുപോലെ ഈ വർഷവും അൾത്താര ബാലന്മാർക്കായി സെമിനാറുകൾ ഫൊറോന തിരിച്ച് സംഘടിപ്പിക്കുന്നതാണ്. സെമിനാറുകളുടെ തിയ്യതിയും സ്ഥലവും ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ആഗസ്റ്റ് 6 | ശനി | 9.30 am to 4.00 pm | ഒലവക്കോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ആഗസ്റ്റ് 20 | ശനി | 9.30 am to 4.00 pm | പാലക്കാട് ഫൊറോന (പാസ്റ്ററൽ സെന്റർ) |
| ആഗസ്റ്റ് 27 | ശനി | 9.30 am to 4.00 pm | ഒറ്റപ്പാലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| സെപ്റ്റം. 3 | ശനി | 9.30 am to 4.00 pm | തത്തമംഗലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| സെപ്റ്റം.17 | ശനി | 9.30 am to 4.00 pm | മംഗലംഡാം ഫൊറോന (ഫൊറോന പാരിഷ് ഹാൾ) |
| സെപ്റ്റം.24 | ശനി | 9.30 am to 4.00 pm | മേലാർക്കോട് ഫൊറോന (നെന്മാറ പാരിഷ്ഹൾ) |





| | | | |
|---|---|---|---|
| ഒക്ടോ. 15 | ശനി | 9.30 am to 4.00 pm | വടക്കഞ്ചേരി ഫൊറോന (ചെറുപുഷ്പം സ്കൂൾ) |

**അൾത്താര സംഘം ക്വിസ് മത്സരം**

ഈ വർഷവും അൾത്താര ബാലന്മാർക്കായി ക്വിസ് മത്സരം സംഘടിപ്പിക്കുന്നു. ജൂനിയർ (5,6,7) സീനിയർ (8-12) വിഭാഗങ്ങളിൽ നിന്നും ഓരോ ടീമിന് ഫൊറോനയിൽ നടക്കുന്ന മത്സരത്തിൽ പങ്കെടുക്കാം. പഠന ഭാഗം

| | | |
|---|---|---|
| വിശ്വാസപരിശീലനത്തിനൊരു വഴികാട്ടി (പേജ് 82-143) | | 50 മാർക്ക് |
| കുർബാനപുസ്തകം | - | 15 മാർക്ക് |
| ലോഗോസ് പഠനഭാഗം | - | 25 മാർക്ക് |
| അൾത്താരശുശ്രൂഷകർ | - | 10 മാർക്ക് |

ഫൊറോനതല മത്സരം ഒക്ടോബർ 26 ബുധൻ - ഫൊറോന കേന്ദ്രങ്ങളിൽ

രൂപതാതല മത്സരം ഡിസംബർ 10 ശനി - പാസ്റ്ററൽ സെന്റർ

**ഫാ. ജോമിസ് കൊടകശ്ശേരിൽ**

ഡയറക്ടർ അൾത്താരസംഘം



## തിരുബാലസഖ്യം

**പ്രാർത്ഥനയിൽ ഓർക്കാം.**

**ആഗസ്റ്റ് 4** വൈദികരുടെ മധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ

**ആഗസ്റ്റ് 15** പരി. കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണവും ഇന്ത്യൻ സ്വാതന്ത്ര്യദിനവും. ഈ ദിനങ്ങളുടെ പ്രാധാന്യം കുഞ്ഞുങ്ങളെ പഠിപ്പിച്ച് പ്രാർത്ഥിക്കണേ.

**ഫൊറോന സെമിനാറുകൾ മുന്നേറുന്നു.**

ഈ വർഷത്തെ ഫൊറോന സെമിനാറുകൾ വളരെ മനോഹരമായി നടക്കുന്നു. എല്ലാ ഇടവകകളിൽ നിന്നും വരുന്ന നിരവധി കുഞ്ഞുങ്ങളുടെ ഒത്തുചേരൽ പ്രാർത്ഥനയുടെയും പഠനത്തിന്റെയും അവസരമാണ്. കുഞ്ഞുങ്ങളെ ത്യാഗപൂർവ്വം കൊണ്ടുവരുന്ന എല്ലാ ആനിമേറ്റേഴ്സിനും ഡയറക്ടേഴ്സിനും ആത്മാർത്ഥമായ നന്ദി.

ജൂൺ 25 സെഹിയോൻ ധ്യാനകേന്ദ്രം കുഞ്ഞുങ്ങളുടെ സാന്നിധ്യം കൊണ്ട് നിറഞ്ഞ ദിവസമായിരുന്നു. ബഹു. തിരുബാലസഖ്യം ഫൊറോന

ഡയറക്ടർ ഫാ. റോയ് കിഴക്കേടത്തിന്റെയും ഫൊറോന വികാരിയച്ചൻ ഗിൽബർട്ട് എട്ടൊന്നിലച്ചന്റെയും, ബിജു കല്ലിങ്കൽ അച്ചന്റെയും നേതൃത്വത്തിൽ ധാരാളം കുട്ടികൾ ഒരുമിച്ചുകൂടി. ബഹു. അരുൺ കലമറ്റത്തിലച്ചൻ, ജോമി തേക്കുംകാട്ടിലച്ചൻ ബ്ര. ഷൈജു എന്നിവർ ക്ലാസുകൾ നയിച്ചു.

ജൂലൈ 16-ാം തിയ്യതി മണ്ണാർക്കാട് ഫൊറോനയിൽവച്ച് ഫൊറോന വികാരി ഫാ. അബ്രാഹം പാലത്തിങ്കലച്ചന്റെയും കൊച്ചച്ചൻ ജോസഫച്ചന്റെയും നേതൃത്വത്തിൽ 150 ഓളം കുട്ടികൾ ഒരുമിച്ച് കൂടി. ഫാ.ജോമിസ് കൊടകശ്ശേരിൽ, ഫാ. ജോസഫ്, ബ്രദർ ഷൈജു, സിസ്റ്റർ സ്റ്റെഫി OSF, ഫാ. ജോമി തേക്കുംകാട്ടിൽ എന്നിവർ ക്ലാസുകൾ നയിച്ചു.

കാഞ്ഞിരപ്പുഴ ഫൊറോന സെമിനാർ ജൂലൈ 23-ാം തിയ്യതി ഫൊറോന ഡയറക്ടർ ഫാ. ജോർജ് എടത്തലയച്ചന്റെയും ഫൊറോന വികാരി ഫാ. ജോസ് പി. ചിറ്റിലപ്പിള്ളിയുടെയും അസി. വികാരി ഫാ. ജോബി കൊച്ചുമുട്ടം സി.എം.ഐയുടെയും സഹകരണത്തോടെ നടത്തപ്പെട്ടു. 200-ഓളം കുട്ടികൾ പങ്കെടുത്ത സെമിനാറിൽ ഫാ. അരുൺ കലമറ്റത്തിൽ, ഫാ. ബിജു തോപ്പിൽ, ഫാ. ജോമി തേക്കുംകാട്ടിൽ, സി. സ്റ്റെഫി എന്നിവർ ക്ലാസ്സെടുത്തു. ഫൊറോനയിലെ വൈദികരുടെയും ആനിമേറ്റേഴ്സിന്റെയും സാന്നിദ്ധ്യംകൊണ്ട് സെമിനാർ ശ്രദ്ധേയമായിരുന്നു.

**തുടർന്ന് വരുന്ന സെമിനാറുകൾ**

ആഗസ്റ്റ് 06 ഒലവക്കോട് ഫൊറോന സെമിനാർ
ആഗസ്റ്റ് 20 പാലക്കാട് ഫൊറോന സെമിനാർ
ആഗസ്റ്റ് 27 ഒറ്റപ്പാലം ഫൊറോന സെമിനാർ
സെപ്റ്റം. 03 തത്തമംഗലം ഫൊറോന സെമിനാർ

സെമിനാറുകളുടെ വിജയത്തിനായി കുഞ്ഞുങ്ങളെല്ലാവരും പരസ്പരം പ്രാർത്ഥിക്കണേ.

**ഫാ. ജോമി തേക്കുംകാട്ടിൽ**
ഡയറക്ടർ, തിരുബാലസഖ്യം

## കെ. സി. വൈ. എം

**മാനിഷാദ-ലഹരിയ്ക്കെതിരെ ജാഗ്രത**

മദ്യവും മയക്കുമരുന്നും ഇന്ന് സമൂഹത്തെയും യുവത്വത്തെയും കാർന്നു തിന്നുകൊണ്ടിരിക്കുന്ന മഹാവിപത്തായി മാറിക്കൊണ്ടിരിക്കുകയാണ്. ലഹരിവസ്തുക്കൾ മനുഷ്യജീവനെതിരെയുള്ള വെല്ലുവിളിയായി മാ





റുമ്പോൾ ഈ സാമൂഹ്യതിന്മയെ നമ്മുടെ ഇടയിൽ നിന്ന് പിഴുതെറിയുവാൻ പാലക്കാട് രൂപതയിലെ യുവജനങ്ങളുടെ സ്വരം; **മാനിഷാദ**. ലഹരിക്കെതിരെയുള്ള ഈ പോരാട്ടം മേലാർക്കോട് ഫൊറോനയുടെ ആതിഥേയത്വത്തിൽ ആഗസ്റ്റ് 6ന് നെന്മാറ പള്ളിയിൽ വച്ച് നടക്കുന്നു. ഉച്ചയ്ക്ക് 2 ന് ആരംഭിക്കുന്ന പരിപാടിയിൽ ക്ലാസ്, ചർച്ച, തെരുവുനാടകം, പൊതുസമ്മേളനം, യുവജനറാലി എന്നിവ ക്രമീകരിച്ചിരിക്കുന്നു. പ്രസ്തുത പരിപാടിയിൽ ഇടവക ജനങ്ങളെ മുഴുവനും അണിനിരത്തുവാൻ എല്ലാവരും പരിശ്രമിക്കുമല്ലോ. 'മാനിഷാദ'യുടെ ഏകോപനം മേലാർക്കോട് ഫൊറോന ഡയറക്ടർ ബഹു. ജോസ് പൊൻമാണി (9447916346) അച്ചന്റെ നേതൃത്വത്തിലായിരിക്കും. യൂണിറ്റിൽ നിന്നും പരമാവധി യുവജനങ്ങളുടെ പങ്കാളിത്തം ഉറപ്പ് വരുത്തുമല്ലോ.

**അർദ്ധവാർഷിക സെനറ്റ്**

കെ.സി.വൈ.എംന്റെ ഫൊറോന, രൂപതാ സമിതികളുടെ ആറുമാസത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും തുടർന്നുള്ള പ്രവർത്തനങ്ങളിൽ പാകപ്പിഴവുകൾ തിരുത്തി പുതിയ കരുത്തുമായി മുന്നേറുവാൻ കെ.സി.വൈ.എം. പാലക്കാട് രൂപതയുടെ അർദ്ധവാർഷിക സെനറ്റ് സമ്മേളനം ആഗസ്റ്റ് 29, 30 തിങ്കൾ, ചൊവ്വ തിയ്യതികളിൽ രൂപതാ പാസ്റ്ററൽ സെന്ററിൽവച്ച് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ഈ സെനറ്റിൽ യൂണിറ്റിലെ **അഞ്ച് ഭാരവാഹികളും (3 ആൺ, 2 പെൺ), ആനിമേറ്റർമാരും** നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. സെനറ്റിൽ പങ്കെടുക്കുന്നവർ യൂണിറ്റ് ഡയറക്ടറുടെ സാക്ഷ്യപത്രം നിർബന്ധമായും കൊണ്ടുവരേണ്ടതാണ്. അല്ലാത്തപക്ഷം സെനറ്റിൽ പങ്കെടുക്കുന്നതിനുള്ള അവസരം നഷ്ടപ്പെടുന്നതാണ്. രജിസ്ട്രേഷൻ ഫീസ് യൂണിറ്റിന് 150 രൂപ.

**'സതീർത്ഥ്യർ'**

ഒരു രാജ്യത്തിന്റെ സമ്പാദ്യം ആരോഗ്യവും മൂല്യബോധവുമുള്ള തലമുറയാണ്. മൂല്യബോധമുള്ള ഒരു തലമുറയെ വാർത്തെടുക്കുവാൻ കേരള സ്റ്റുഡന്റ്സ് എഡ്യുക്കേഷണൽ ഫിലിം സൊസൈറ്റി നിർമ്മിച്ച് വിദ്യാഭ്യാസ വകുപ്പിന്റെ അനുമതിയുള്ള 'സതീർത്ഥ്യർ' എന്ന ബോധവത്ക്കരണ സിനിമയുടെ പ്രദർശനം കെ.സി.വൈ.എം. പാലക്കാട് ജില്ലയിലെ അനുവദിക്കപ്പെടുന്ന സ്കൂളുകളിലും മറ്റു സ്ഥലങ്ങളിലും പ്രദർശിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ആന്റോ തേർമഠവുമായി ബന്ധപ്പെടുക. ഫോൺ: 9895293329.

**യുവജനദിനാഘോഷം**

ഫൊറോന തലത്തിലും യൂണിറ്റ് തലത്തിലും യുവജനാഘോഷം കൊണ്ടാടി. നേതൃത്വം വഹിച്ച ഡയറക്ടർമാക്കും ആനിമേറ്റേഴ്സിനും ഭാരവാഹികൾക്കും എല്ലാ യുവജനങ്ങൾക്കും കെ.സി.വൈ.എം. രൂപതാ സമിതിയുടെ ഹൃദയം നിറഞ്ഞ നന്ദി.

കേരള കത്തോലിക്കാ യുവജനപ്രസ്ഥാനത്തിന്റെ പാലക്കാട് രൂപതാഘടകത്തിന്റെ യുവജനദിനാഘോഷം മണ്ണാർക്കാട് ഫൊറോനയുടെ ആഭിമുഖ്യത്തിൽ പെരിമ്പടാരി ഹൊളി സ്പിരിറ്റ് ദൈവാലയത്തിൽ വച്ച് ജൂലൈ 10 ഞായറാഴ്ച നടത്തപ്പെടുകയുണ്ടായി. യുവജനദിനാഘോഷങ്ങളുടെ ഭാഗമായി കെ.സി.വൈ.എം. രൂപതാ ഡയറക്ടർ ഫാ. ടോം ജി. വടക്കേക്കരയും ഫൊറോന ഡയറക്ടർ ഫാ. ടോണി കോഴിപ്പാടനും ചേർന്ന് യുവജനങ്ങളെ സമർപ്പിച്ച് ദിവ്യബലിയർപ്പിച്ചു. 300 പേരടങ്ങുന്ന പൊതുസമ്മേളനത്തിൽവച്ച് മണ്ണാർക്കാട് മുൻസിഫ് മജിസ്ട്രേറ്റ് ശ്രീമതി അനിറ്റ് ജോസഫ് യുവജനങ്ങളുമായി സംവദിച്ചു. തുടർന്ന് റവ. ഫാ. അബ്രഹാം പാലത്തിങ്കൽ അനുഗ്രഹ പ്രഭാഷണവും നിർവ്വഹിച്ചു. പ്രശസ്ത സാഹിത്യകാരൻ കെ.പി.എസ്. പയ്യനെടം ലഹരിയുടെ ദൂഷ്യഫലങ്ങളെക്കുറിച്ച് യുവജനങ്ങളെ ബോധവത്ക്കരിച്ചു. ലഹരിക്കെതിയുള്ള പ്രതിജ്ഞയും 'സതീർത്ഥ്യർ' എന്ന ബോധവത്ക്കരണ സിനിമയുടെ പ്രദർശനോത്ഘാടനവും മണ്ണാർക്കാട് ഫൊറോനയിലെ വിവിധ യൂണിറ്റുകളുടെ കലാപരിപാടികളും ആഘോഷങ്ങളുടെ മാറ്റ് വർദ്ധിപ്പിച്ചു. ഈ പരിപാടിക്ക് ചുക്കാൻ പിടിച്ച മണ്ണാർക്കാട് ഫൊറേന സമിതിക്കും ആനിമേറ്റർമാർക്കും പെരിമ്പടാരി യൂണിറ്റിനും പങ്കെടുത്ത് വിജയിപ്പിച്ച എല്ലാവർക്കും ഹൃദയം നിറഞ്ഞ നന്ദി.

**ഫാ. ടോം ജി. വടക്കേക്കര**
ഡയറക്ടർ, കെ.സി.വൈ.എം.



## സെമിനാരി വാർത്തകൾ

ഈ വർഷംനമ്മുടെ മൈനർ സെമിനാരിയിൽ ചേർന്ന് വൈദികപഠനം ആരംഭിച്ചവർ

1. വെട്ടിക്കാട് ആൽബിൻ, പൂഞ്ചോല
2. അമ്പൂക്കൻ ആനന്ദ്, വടക്കഞ്ചേരി





3. അമ്പഴക്കാട്ട് അഭിഷേക്, കത്തീഡ്രൽ, പാലക്കാട്
4. പൊട്ടക്കൽ എബിൻ, രാജഗിരി
5. ചെമ്പോത്തിനാൽ അബിൻ, കൂനത്തറ
6. കണ്ണമ്പുഴ അഖിൽ, അരിമ്പൂർ
7. മുള്ളാനിക്കൽ അമൽ, അലനല്ലൂർ
8. കിണറ്റുകരത്തടത്തിൽ അരുൺ, കാരറ
9. ഊടുപുഴയിൽ ദിബിൻ, ജെല്ലിപ്പാറ
10. വല്യാത്ത് ജിസൻ, ഇരുമ്പകച്ചോല
11. പുതുക്കാട്ടിൽ ജോബിൻ, ജെല്ലിപ്പാറ
12. മുണ്ടത്താനത്ത് നിതിൻ, പുലിയറ
13. മണിയങ്കേരിക്കളം നിതിൻ, പൊന്നംകോട്
14. പുതുപ്പള്ളിയിൽ ഷെജിൻ, തൃത്വമല
15. കരോട്ടുപുള്ളുവേലിപ്പാറയിൽ റ്റിബിൻ, കാരറ
16. കൊട്ടിയാനിക്കൽ ടിറ്റോ, ജെല്ലിപ്പാറ
17. വള്ളിക്കാട്ടുകുഴിയിൽ ലിറ്റൊ, ചിറ്റടി

**ഫാ. പീറ്റർ കൊച്ചുപുരയ്ക്കൽ**
റെക്ടർ, മൈനർ സെമിനാരി

## ചെറുപുഷ്പ മിഷൻ ലീഗ്

എല്ലാ കുഞ്ഞുമിഷനറിമാർക്കുംപരി.കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണത്തിന്റെയും സ്വാതന്ത്ര്യദിനത്തിന്റെയും മംഗളാശംസകൾ ആദ്യമേ നേരുന്നു! ആഗസ്റ്റ് മാസത്തിലെ പ്രധാന പ്രവർത്തനങ്ങളും നിർദ്ദേശങ്ങളും താഴെ കൊടുക്കുന്നു.

02 ചൊവ്വ — മുൻസംസ്ഥാന ഡയറക്ടർ റവ. ഫാ. കുരുവിള പ്ലാന്തോട്ടത്തിന്റെ ചരമദിനം. ബഹു. അച്ചന്റെ ആത്മാശാന്തിയ്ക്കായി പ്രാർത്ഥിക്കുക.

04 വ്യാഴം — വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ, വൈദിക ദിനം. വി . കുർബാനയിൽ പങ്കെടുത്ത് ശാഖാ ഡയറക്ടർമാർക്കും മറ്റ് വൈദികർക്കും വേണ്ടി പ്രാർത്ഥിക്കുക, ആശംസകൾ അറിയിക്കുക.

**07 ഞായർ മേഖലാ രൂപതാ സാഹിത്യമത്സരം** - ശാഖകളിൽ അതിനു വേണ്ടുന്ന ഒരുക്കങ്ങൾ നടത്തുക-(മത്സര വിഷയം രൂപതയിൽ നിന്നും തരുന്നതാണ്). മത്സരസംബന്ധമായ കൂടുതൽ വിവരങ്ങൾക്ക് പ്രവർത്തനമാർഗ്ഗരേഖ 27,28,29,30,31 പേജുകൾ നോക്കുക.

11 വ്യാഴം സംഘടനാ സ്ഥാപക നേതാവ് ശ്രീ. പി.സി അബ്രാഹം(കുഞ്ഞേട്ടൻ) പല്ലാട്ടുകുന്നേലിന്റെ 2-ാം ചരമ വാർഷികം. ശാഖകളിൽ കുഞ്ഞേട്ടൻ അനുസ്മരണം നടത്തുകയും കുഞ്ഞേട്ടന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്യുക.

15 തിങ്കൾ പരി. കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണ തിരുനാൾ, ഭാരത സ്വാതന്ത്ര്യദിനം, പ്രേഷിതവർഷ ആരംഭം (2011 ആഗസ്റ്റ് 15-2012 ആഗസ്റ്റ്15)

**ചിന്താവിഷയം:-** പരി. അമ്മ ഭാരത പ്രേഷിത പ്രവർത്തനത്തിന്റെ ശക്തി

**20 ശനി കാഞ്ഞിരപ്പുഴ മേഖല ഏകദിന സെമിനാർ**

23 ചൊവ്വ നമ്മുടെ രൂപതയുടെ പ്രഥമാദ്ധ്യക്ഷൻ മാർ ജോസഫ് ഇരിമ്പൻ പിതാവിന്റെ ചരമദിനം വി. കുർബാനയിൽ പങ്കെടുത്ത് പിതാവിന്റെ ആത്മാശാന്തിക്കായി പ്രാർത്ഥിക്കുക

**27 ശനി മണ്ണാർക്കാട് മേഖല ഏകദിന സെമിനാർ**

**30 ചൊവ്വ പൊന്നംകോട് മേഖലാ ഏകദിന സെമിനാർ**

**അനുബന്ധപ്രവർത്തനങ്ങൾ**

മാതൃരാജ്യത്തിലെ സുവിശേഷവത്ക്കരണത്തിനുവേണ്ടിയും പ്രേഷിത പ്രവർത്തനങ്ങളുടെ വിജയത്തിനായും അംഗങ്ങൾ നിയോഗം വച്ച് പ്രാർത്ഥിക്കുക

മേഖലാ തലങ്ങളിൽ നടത്തപ്പെടുന്ന സെമിനാറുകൾക്കുവേണ്ടി ഒരുക്കങ്ങൾ നടത്തുക. അംഗങ്ങളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുക.

മേഖലാ കൗൺസിലുകൾ, മുൻകാല ഭാരവാഹികളുടെ സംഗമം നടത്തുക.

മേഖലാ ദിനത്തിൽ പ്രേഷിത റാലികൾ സംഘടിപ്പിക്കുക

**സുകൃതജപം** "എന്റെ അമ്മേ, എന്റെ ആശ്രയമേ"

പ്രേഷിത വർഷത്തിൽ ക്രിസ്തുവിന്റെ ചൈതന്യവുമായ് അവിടുത്തെ വയലേലകളിൽ, പ്രേഷിതരാകാം പ്രഘോഷകരാകാം!!!

**ഫാ. നിലേഷ് തുരുത്തുവേലിൽ**

ഡയറക്ടർ, സി. എം. എൽ.





# മാതൃസംഘം

**രൂപതാ ജനറൽ ബോഡി**

2011 ജൂലായ് 30 ശനിയാഴ്ച രൂപതാ മാതൃസംഘം അർദ്ധവാർഷിക ജനറൽബോഡി സമ്മേളിച്ചു. ശ്രീമതി കൊച്ചുറാണി ജോസഫ് അംഗങ്ങൾക്ക് ക്ലാസ്സെടുത്തു. പങ്കെടുത്ത ഏവർക്കും രൂപതാ ഘടകത്തിന്റെ നന്ദി. റിപ്പോർട്ടുകൾ സമർപ്പിച്ചു.

**മിഷൻക്വിസ്**

മാതൃസംഘം നേതൃത്വത്തിൽ അമ്മമാർക്കായി നടത്താൻ നിശ്ചയിച്ചിരുന്ന മിഷൻക്വിസ് ഉണ്ടായിരിക്കുന്നതല്ല. പ്രേഷിതവർഷം പ്രമാണിച്ച് സംസ്ഥാനതലത്തിൽ സംഘടിപ്പിക്കുന്ന മിഷൻക്വിസിൽ D വിഭാഗത്തിൽ(25 വയസ്സിനു മുകളിൽ) അമ്മമാരെല്ലാവരും പങ്കെടുക്കുക. യൂണിറ്റ് തലത്തിൽ നടത്തുന്ന ഈ ക്വിസിൽ എല്ലാ അമ്മമാരെയും പങ്കെടുപ്പിക്കുവാൻ ശ്രദ്ധിക്കുക.

**ഡിബേറ്റ്**

രൂപതാതലത്തിൽ 2011 സെപ്തംബർ 21 ന് ഡിബേറ്റ് സംഘടിപ്പിക്കുന്നു. 7 പേർ അടങ്ങുന്ന ടീം. 6 പേർ അംഗങ്ങളായും ഒരാൾ ടീം ലീഡറായും പ്രവർത്തിക്കുന്നു. 45 മിനിറ്റ് മത്സര സമയം. 3 മിനിറ്റ് ടീം ലീഡറുടെ ആമുഖപ്രഭാഷണം. യൂണിറ്റ് സമാപനഅപഗ്രഥനം,ടീം ലീഡർ ടീമംഗങ്ങളെ നിയന്ത്രിക്കണം. പൊതുമോഡറേറ്ററുടെ റൂളിംഗ് അനുസരിക്കണം. പങ്കെടുക്കുന്ന ടീമുകൾ(ഫൊറോനയിൽ നിന്ന് 1 ടീം) സെപ്റ്റംബർ 1-ാം തീയതിയ്ക്കു മുമ്പ് രൂപതാ കേന്ദ്രത്തിൽ അറിയിക്കുക. അവരിൽ നിന്ന് നറുക്കിട്ടെടുക്കുന്ന ടീം തമ്മിൽ മത്സരിക്കും. അനുകൂലം/ പ്രതികൂലം നറുക്കിട്ടെടുത്ത് സെപ്റ്റംബർ 1-ാം തിയതി ടീമുകളെ അറിയിക്കും.

വിഷയം: കുടുംബബന്ധങ്ങളുടെ തകർച്ചയ്ക്ക് ഉത്തരവാദി ആര്?

കുടുംബങ്ങൾ- അനുകൂലം

മാധ്യമങ്ങളും പുറം ശക്തികളും- പ്രതികൂലം

**ഫാ. ജോർജ്ജ് പെരുമ്പിള്ളി**

ഡയറക്ടർ, മാതൃസംഘം

# C W W C

**Akshaya project of CHAI**

കാത്തോലിക് ഹോസ്പിറ്റൽ അസോസിയേഷൻ ഓഫ് ഇന്ത്യയുമായി സഹകരിച്ച് ക്ഷയരോഗബോധവല്ക്കരണ സെമിനാറുകൾ യൂണിറ്റുകളിൽ സംഘടിപ്പിക്കുന്നു.യൂണിറ്റുസെമിനാറുകൾക്ക് ചിലവാകുന്ന തുക ലഭ്യമാകുന്ന അക്ഷയ പ്രോജക്ട് പ്രകാരം യൂണിറ്റുകളിൽ ബോധവല്ക്കരണ ക്ലാസും കൂടെ സ്ത്രീശാക്തീകരണ ക്ലാസ്സുകളും സംഘടിപ്പിക്കുവാൻ ശ്രദ്ധിക്കുക. ക്ലാസെടുക്കാൻ വിളിക്കുക. ശ്രീ.ബിനോയി 09809986755, CWWC രൂപത സെക്രട്ടറി ശ്രീമതി മിനി ഫ്രാൻസീസ് 09495529259.

**അധാർമ്മിക സ്വഭാവവൈകൃതങ്ങളുടെ അതിപ്രസരം**

ഈയടുത്ത കാലത്ത് പത്രമാധ്യമങ്ങളിലൂടെ വരുന്ന വാർത്തകളിൽ ലൈംഗിക സ്വഭാവവൈകൃതങ്ങളുടെ നീണ്ട നിരതന്നെയുണ്ട്. കൗമാരപ്രായക്കാരുടെ ഇടയിലുള്ള ഈ പുതിയ പ്രവണത ഇന്റർനെറ്റ്, ബ്ലൂഫിലിം, മൊബൈൽഫോണിന്റെ ദുരുപയോഗം, മാതാപിതാക്കളുടെ ശ്രദ്ധയില്ലായ്മ, മാനസിക പിരിമുറുക്കം എന്നിവയും ഇപ്രകാരമുള്ള കാര്യങ്ങളുടെയും പരിണതഫലമാണ്. ഈ മേഖലയിൽ ശ്രദ്ധപതിയേണ്ട സമയമായിരിക്കുന്നു.

**ഫാ. ജോർജ്ജ് പെരുമ്പിള്ളി**
ഡയറക്ടർ, CWWC

# സി. എൽ. സി

**2011 ഓഗസ്റ്റ്**

| | |
|---|---|
| 13. ശനി | രൂപതാ എക്സിക്യൂട്ടീവ് യോഗം |
| 15. തിങ്കൾ | മാതാവിന്റെ സ്വർഗ്ഗാരോഹണ തിരുനാൾ, ഇന്ത്യൻ സ്വാതന്ത്ര്യ ദിനം, മെമ്പർഷിപ്പ് ദിനാചരണം. പുതിയ അംഗങ്ങളെ ആഘോഷമായ പ്രാർത്ഥനയോടെ ചേർക്കുക, പഴയ അംഗങ്ങളുടെ വ്രതനവീകരണം. മെഡലുകൾ ആശീർവ്വദിച്ച് കൊടുക്കുക. |
| 23. ചൊവ്വ | മാർ ജോസഫ് ഇരിമ്പൻ പിതാവിന്റെ ചരമദിനം (1997) |
| 25. വ്യാഴം | രൂപതാ രചനാ മത്സരം |





| | |
|---|---|
| സന്ദേശം: | "നല്ലവനായ ദൈവം സഹിക്കുകയും സങ്കടപ്പെടുകയും ചെയ്യുമ്പോൾ എനിക്കെങ്ങനെ കളിക്കാനാവും" (വാ. മറിയം ത്രേസ്യാ). |
| പഠനം | ലൂക്ക 10:1-10 |

പ്രവർത്തനം യേശുവിനെക്കുറിച്ച് ഒരാളോടെങ്കിലും സംസാരിക്കുക.

**സി.എൽ.സി. ക്വിസ്**

2011 ഓഗസ്റ്റ് 25 വ്യാഴാഴ്ച രാവിലെ 10.00 മണിക്ക് പാസ്റ്ററൽ സെന്ററിൽവച്ച് നടത്തപ്പെടുന്നു.

**രൂപതാ എക്സിക്യൂട്ടീവ് യോഗം**

13 ശനിയാഴ്ച രൂപതാ എക്സിക്യൂട്ടീവ് യോഗത്തിൽ എല്ലാ എക്സിക്യൂട്ടീവ് മെമ്പർമാരും ആനിമേറ്റർമാരും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ക്രൈസ്തവ വിശ്വാസകൈമാറ്റത്തിന് നവസുവിശേഷവൽക്കരണ മാർഗ്ഗരേഖ (സാൻജോ ബുക്ക് സ്റ്റാൾ)

പഠനഭാഗം:2. സി.എൽ.സി ചരിത്രം (സി.എൽ.സി. ഒരു പഠനം)

വി. ലൂക്കായുടെ സുവിശേഷം

വി . ഇഗ്നേഷ്യസ്, വി. അൽഫോൻസാമ്മ, വാഴ്ത്തപ്പെട്ട മറിയം ത്രേസ്യാ, വാഴ്ത്തപ്പെട്ട ചാവറ അച്ചൻ എന്നിവരുടെ ജീവചരിത്രം

പാലക്കാട് രൂപതയുടെ ചരിത്രം.

പങ്കെടുക്കുന്നവർ : ഓരോ യൂണിറ്റിൽ നിന്നും ജൂനിയർ സീനിയർ വിഭാഗത്തിൽ നിന്നും രണ്ടുപേരടങ്ങുന്ന ഓരോ. ടീം.

രജി. ഫീസ് : ടീം ഒന്നിന് Rs 25

സന്ദേശം:" നല്ലവനയ ദൈവം സഹിക്കുകയും സങ്കടപ്പെടുകയും ചെയ്യുമ്പോൾ എനിക്കെങ്ങനെ കളിക്കാനാവും" (വാ. മറിയം ത്രേസ്യാ)

പഠനം: ലൂക്ക 10:1-10

പ്രവർത്തനം: യേശുവിനെക്കുറിച്ച് ഓരാളോടെങ്കിലും സംസാരിക്കുക.

**രചനാ മത്സരങ്ങൾ**

സി.എൽ.സി രൂപത കേന്ദ്രത്തിൽ നിന്നും ആശംസകൾ. ഉള്ളിൽ ജ്വലിക്കുന്ന ആശയസമ്പത്ത് വിവിധ സാഹിത്യ രൂപങ്ങളിലൂടെ പകർന്ന് തന്നിലെ സർഗ്ഗപ്രതിഭയെ കണ്ടെത്താൻ സഹായിക്കുന്നതിനായി രചനാ മത്സരങ്ങൾ സംഘടിപ്പിച്ചിരിക്കുന്നു.

നടത്തേണ്ടത്: യൂണിറ്റുകളിൽ- ആഗസ്റ്റ് 14 ഞായർ

കവിത 20-30 വരികൾ, ചെറുകഥ 3-5 പേജ്, ഉപന്യാസം-5-10 പേജ്, ജൂനിയർ സീനിയർ വിഭാഗങ്ങളിൽ നിന്നും ഒന്നും രണ്ടും സ്ഥാനക്കാരെ സെപ്തംബർ 1 ബുധനാഴ്ച രൂപതതല മത്സരത്തിനായി പറഞ്ഞു വിടണമെന്ന് അഭ്യർത്ഥിക്കുന്നു.

| | | |
|---|---|---|
| ജൂനിയർ | 01.01.1998 ന് ശേഷം ജനിച്ചവർ | |
| സീനിയർ | 01.01 1994 നും 31.12.1997 നും ഇടയ്ക്ക് ജനിച്ചവർ. | |
| ഇനം | വിഭാഗം | വിഷയം |
| കവിത | ജൂനിയർ,സീനിയർ | പ്രേഷിതവയലുകളിലെ ഹരിത ദൂതുകൾ |
| ചെറുകഥ | ജൂനിയർ, സീനിയർ | |
| ഉപന്യാസം | ജൂനിയർ, സീനിയർ | |

സമയം: 1 മണിക്കൂർ

**ഫാ. ബിജു പ്ലാത്തോട്ടത്തിൽ,**
ഡയറക്ടർ, സി.എൽ.സി.

# ഫാമിലി അപ്പോസ്തലേറ്റ്

**പ്രീകാന കോഴ്സ്**

**2011 ആഗസ്റ്റ് 1, 2, 3, 4** തിയ്യതികളിൽ മുണ്ടൂർ യുവക്ഷേത്രയിൽവച്ച് നടത്തപ്പെടുന്നു.
കോഴ്സിൽ പങ്കെടുക്കുന്നവരുടെ മാതാപിതാക്കന്മാർക്കായി വ്യാഴാഴ്ച 9.30ന് സജ്ജമാക്കിയിരിക്കുന്ന ക്ലാസ്സിൽ അവർ നിർബന്ധമായും പങ്കെടുത്തിരിക്കണം.

**ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി**
ഡയറക്ടർ, ഫാമിലി അപ്പോസ്റ്റലേറ്റ്.



# കുടുംബകൂട്ടായ്മ

**കുടുംബസമ്മേളന ഫൊറോന എക്സിക്യൂട്ടീവുകൾ**

25.06.2011 ൽ വടക്കഞ്ചേരി ഫൊറോന എക്സിക്യൂട്ടീവ് കൂടി ഭാരവാഹികളെ തിരഞ്ഞെടുക്കുകയും , ഫൊറോന ഏക ദിന സെമിനാർ ഓഗസ്റ്റ് 30 ന് ഫൊറോന പാരീഷ് ഹാളിൽ നടത്താനും നിശ്ചയിച്ചു.





**ഫൊറോന ഭാരവാഹികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | : | ശ്രീ ജോസ് വി. ജോർജ്, വടക്കേക്കര |
| വൈ. പ്രസി | : | ശ്രീ അഗസ്റ്റ്യൻ മാവേലിക്കുന്നേൽ |
| സെക്രട്ടറി | : | ശ്രീ തങ്കച്ചൻ മണിയങ്ങാട്ട് |
| ജോ. സെക്രട്ടറി | : | ശ്രീ തോമസ് മൈലാടൂർ |
| ട്രഷറർ | : | ശ്രീ സാബു എബ്രഹാം, പഴംചിറയിൽ |

02-07.2011 ൽ മംഗലം ഡാം ഫൊറോന എക്സിക്യൂട്ടീവ് കൂടി ഭാരവാഹികളെ തിരഞ്ഞെടുക്കുകയും, ഫൊറോന ഏകദിന സെമിനാർ സെപ്റ്റംബർ 3 ന് മംഗലംഡാം പാരീഷ് ഹാളിൽ വച്ച്നടത്താൻ തീരുമാനിക്കുകയും ചെയ്തു.

**ഫൊറോന ഭാരവാഹികൾ**

| | |
|---|---|
| പ്രസിഡന്റ് | : ശ്രീ പയസ് തോമസ് |
| വൈ. പ്രസി | : ശ്രീമതി എൽസി കുര്യാക്കോസ് |
| സെക്രട്ടറി | : ശ്രീ ജോയി ജേക്കബ് |
| ജോ. സെക്രട്ടറി | : ശ്രീ ജോസ് ജോസഫ് |
| ട്രഷറർ | : ശ്രീ ജോസഫ് റ്റി.സി |

03.07.2011 ൽ പാലക്കാട് ഫൊറോന എക്സിക്യൂട്ടീവ് കൂടി ഭാരവാഹികളെ തിരഞ്ഞെടുക്കുകയും ഫൊറോന ഏകദിന സെമിനാർ സെപ്റ്റംബർ 21-ാം തീയതി നടത്താൻ തീരുമാനിക്കുകയും ചെയ്തു.

**ഫൊറോന ഭാരവാഹികൾ**

| | |
|---|---|
| പ്രസിഡന്റ് | : ശ്രീ ബാബു എം.മാത്യു |
| വൈ. പ്രസിഡന്റ് | : ശ്രീ ശശിപോൾ |
| സെക്രട്ടറി | : ശ്രീമതി റോസിലി ജോയി, ആലപ്പാട്ട് |
| ജോ. സെക്രട്ടറി | : ശ്രീമതി മേഴ്സി ബേബി |
| ട്രഷറർ | : ശ്രീ ജോബ് ഉപ്പുകണ്ടം |

**II. ഫൊറോന ഏക ദിന സെമിനാറുകൾ**

ഓരോ ഫൊറോനയിലെയും എല്ലാ ഇടവകകളിൽ നിന്നുള്ള എല്ലാ കുടുംബയോഗഭാരവാഹികൾക്കു വേണ്ടിയാണ് ഈ സെമിനാർ. ഒരുഇടവകയിൽ എത്ര യൂണിറ്റുകൾ ഉണ്ടോ, അത്രയും യൂണിറ്റുകളിലെ എല്ലാ ഭാരവാഹികളുമാണ് ഇതിൽ പങ്കെടുക്കുക. ഒരു യൂണിറ്റിന് 5 ഭാരവാഹികൾ വീതം വേണം. ഭാരവാഹികൾ ഇല്ലാത്ത യൂണിറ്റുകളിൽ ബഹു.വാകാരിയച്ചന്മാർ അതുക്രമീകരിക്കുമല്ലോ.

**സെമിനാറിന്റെ ക്രമീകരണം**

| | | |
|---|---|---|
| 9.30.am | : | രജിസ്ട്രേഷൻ, ചായ |
| 10.00 | : | ഉദ്ഘാടനം (അതാതു ഫൊറോന വികാരിമാർ) |
| 10.30-12.00 | : | ക്ലാസ്, “കുടുംബസമ്മേളനങ്ങളെ എങ്ങനെ സമീവമാക്കാം അതിൽ യൂണിറ്റ് ഭാരവാഹികളുടെ പങ്ക്” |
| 12.00 | : | വി. കുർബാന (അഭിവന്ദ്യപിതാവ്) |
| 1.00 | : | ഭക്ഷണം |
| 1.45 | : | ഗ്രൂപ്പു ചർച്ച |
| 2.30 | : | റിപ്പോർട്ട് അവതരണം |
| 3.00-4.00 | : | ക്ലാസ്, “നാം പ്രേഷിതർ” ശ്രീ സെസിൽ എബ്രഹാം, രൂപത സെക്രട്ടറി |

**ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി**
ഡയറക്ടർ, കുടുംബകൂട്ടായ്മ



## സെഹിയോൻ ധ്യാനകേന്ദ്രം

**ധ്യാനങ്ങൾ**

| **മാസം** | **തീയതി** | **ധ്യാനം നയിക്കുന്നത്** |
|---|---|---|
| ആഗസ്റ്റ് | 14-19 | ആന്തരികസൗഖ്യ വളർച്ചാധ്യാനം. ഫാ. ബിനോയ് കരിമരുതിങ്കൽ |
| ആഗസ്റ്റ് 28 സെപ്റ്റം 02 | | ആന്തരികസൗഖ്യ വളർച്ചാധ്യാനം. ഫാ. ബിനോയ് കരിമരുതിങ്കൽ |

50 രൂപ അടച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്നവർക്ക് മാത്രം പ്രവേശനം. രജിസ്റ്റർ ചെയ്യാതെ വരുന്നവരെ ധ്യാനത്തിൽ പ്രവേശിപ്പിക്കുന്നതല്ല. ധ്യാനങ്ങൾ ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.00 മണിക്ക് ആരംഭിച്ച് വെള്ളിയാഴ്ച രാവിലെ 8.30 ന് അവസാനിക്കുന്നതാണ്. രജിസ്ട്രേഷൻ സംബന്ധമായ കാര്യങ്ങൾക്ക് ധ്യാനകേന്ദ്രം ഓഫീസുമായി ബന്ധപ്പെടുക.

സമയം : രാവിലെ 9.00 മണിമുതൽ വൈകുന്നേരം 5.00 മണിവരെ.

ഫോൺ : 04924 - 327710

**സെഹിയോൻ ബ്ലോഗ് സന്ദർശിക്കുക**

sehionretratcentre.blogspot.com, sehiontelevision.blogspot.com

Sehion Website : www.sehion.org, www.sehionpriests.org





**സെഹിയോൻ കൺവെൻഷൻസ്**

ആഗസ്റ്റ് 21 പാലക്കാട് ഏകദിന ബൈബിൾ കൺവെൻഷൻ മുൻസിപ്പൽ ടൗൺഹാളിൽ രാവിലെ 9.30 മുതൽ വൈകുന്നേരം 4.00 വരെ.

**സെഹിയോൻ അഭിഷേകാഗ്നി ബൈബിൾ കൺവെൻഷൻ**

ആഗസ്റ്റ് 28, 29, 30 തിയ്യതികളിൽ പാലക്കാട് മുൻസിപ്പൽ ടൗൺ ഹാളിൽവച്ച് . രാവിലെ 9.30 മുതൽ വൈകുന്നേരം 4.00 വരെ നടത്തപ്പെടുന്നു.

**ഫാ. സേവ്യർഖാൻ വട്ടായിൽ.**
ഡയറക്ടർ, സെഹിയോൻ ധ്യാനകേന്ദ്രം.

## കെ. സി. എസ്. എൽ

**പ്രവർത്തന വർഷം ഉദ്ഘാടനം**

കെ.സി.എസ്.എൽ. പ്രവർത്തന വർഷം ജൂലൈ 9-ാം തിയ്യതി പാലക്കാട് പാസ്റ്ററൽ സെന്ററിൽ രൂപതാ വികാരി ജനറാൾ മോൺ ജോസഫ് ചിറ്റിലപ്പിള്ളി ഉദ്ഘാടനം ചെയ്തു. സമ്മേളനത്തിൽ വച്ച് 10, +2, ക്ലാസ്സുകളിൽ നിന്ന് എല്ലാ വിഷയത്തിലും അ+ നേടിയ കുട്ടികൾക്ക് ക്യാഷ് അവാർഡ് നൽകി. വിവിധ സ്കൂളുകളിൽ നിന്നുമായി 125 കുട്ടികൾ പങ്കെടുക്കുകയും വിവിധ പരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു. പങ്കെടുത്ത എല്ലാ കുട്ടികൾക്കും നന്ദിയും അഭിനന്ദനങ്ങളും.

**ആനിമേറ്റേഴ്സ് മീറ്റിംഗ്**

ജൂലൈ 9ന് നടന്ന ആനിമേറ്റേഴ്സ് മീറ്റിംഗിൽ എല്ലാ സ്കൂളികളിലേയും ആനിമേറ്റേഴ്സ് പങ്കെടുക്കുകയും ഈ വർഷത്തെ പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയും ചെയ്തു. പ്രവർത്തനവർഷോദ്ഘോടന സമ്മേളനത്തിൽ കുട്ടികളെ പങ്കെടുപ്പിക്കുകയും വിവിധ പരിപാടികൾ ഏറ്റെടുത്ത് നടത്തുകയും ചെയ്ത എല്ലാ ആനിമേറ്റേഴ്സിനും പ്രത്യേകം നന്ദി.

**Exodus 2011**

ഓണം അവധിക്കാലത്ത് നടക്കുന്ന കെ.സി.എസ്.എൽ. നേതൃത്വ പരിശീലന ക്യാമ്പിലേക്ക് എല്ലാ കൂട്ടുകാരേയും സ്നേഹപൂർവ്വം ക്ഷണിക്കു

ന്നു. സെപ്റ്റംബർ 4, 5, 6 തിയ്യതികളിൽ പാലക്കാട് പാസ്റ്ററൽ സെന്ററിൽവച്ച് നടത്തപ്പെടുന്നു. രജിസ്ട്രേഷൻ ഫീസ് 100 രൂപ.

**സ്കൂൾ സന്ദർശനം**

സ്കൂളുകളിലെ പ്രവർത്തനവർഷ ഉദ്ഘാടനം നന്നായി മുന്നേറുന്നു. ആത്മാർത്ഥമായി സഹകരിക്കുന്ന എല്ലാ സ്കൂളുകൾക്കും പ്രത്യേകം അഭിനന്ദനങ്ങൾ.

**ഫാ. ജിൻസ് പ്ലാത്തോട്ടത്തിൽ**
ഡയറക്ടർ, കെ.സി.എസ്.എൽ.



## നവീകരണ മുന്നേറ്റം

**ജാഗരണപ്രാർത്ഥന**

2011 ആഗസ്റ്റ് 26-ാം തിയതി വെള്ളിയാഴ്ച രാത്രി 7 മണി മുതൽ പിറ്റെ ദിവസം രാവിലെ 5 മണി വരെ കത്തീഡ്രൽ പള്ളിയിൽ വച്ച് ജാഗരണ പ്രാർത്ഥന ഉണ്ടായിരിക്കുന്നതാണ്. അന്നുതന്നെ രാവിലെ 9.30 മുതൽ ലീഡേഴ്സ് ട്രെയിനിംഗ് പ്രോഗ്രാം ഉണ്ടായിരിക്കുന്നതാണ്.

**ഫാ. റെനി പുല്ലുകാലായിൽ**
ഡയറക്ടർ, നവീകരണമുന്നേറ്റം.

## പി. എസ്. എസ്. പി.

**ജില്ലാ വിമൻസ് ഫെഡ് മീറ്റിംഗ്**

ജില്ലാ വിമൻസ്ഫെഡ് മീറ്റിംഗ് 3.8.11 ന് ബുധനാഴ്ച കാലത്ത് പി.എസ്.എസ്.പി യിൽ വച്ചു നടത്തുന്നു.

**ബ്ലോക്ക് ഫെഡ് മീറ്റിംഗുകൾ**

| തിയതി | ദിവസം | ബ്ലോക്ക് | സ്ഥലം | സമയം |
|---|---|---|---|---|
| 8.8.11 | തിങ്കൾ | പാലക്കാട്/മലമ്പുഴ | പാസ്റ്ററൽ സെന്റർ | 11.00am |
| 10.8.11 | ബുധൻ | മണ്ണാർക്കാട് | കാരാപ്പാടം | 11.00am |
| 11.8.11 | വ്യാഴം | ശ്രീകൃഷ്ണപുരം | ചുണ്ടേക്കാട് | 11.00am |
| 12.8.11 | വെള്ളി | ചിറ്റൂർ | പെരുമാട്ടി | 11.00am |
| 12.8.11 | വെള്ളി | കുഴൽമന്ദം | കളമപ്പെട്ടി | 02.00pm |
| 13.8.11 | ശനി | ആലത്തൂർ | F.C.C. വടക്കഞ്ചേരി | 11.00am |
| 15.8.11 | തിങ്കൾ | അട്ടപ്പാടി | ഗുളിക്കടവ് | 11.00am |
| 17.8.11 | ബുധൻ | നെന്മാറ | പാരിഷ്ഹാൾ | 11.00am |





**റീജിയണൽ ഓഫീസ്**

| | | |
|---|---|---|
| 13.8.11 | വടക്കഞ്ചേരി എഫ്.സി.സി | 11.00am to 2.00pm |
| 15.8.11 | റീജിയണൽ ഓഫീസ് ഗൂളികടവ് | 11.00am to 2.00pm |
| 16.8.11 | സാൻജോടവ്വർ | 11.00am to 2.00pm |
| 17.8.11 | നെന്മാറ പാരിഷ്ഹാൾ | 11.00am to 2.00pm |
| 18.8.11 | കരിമ്പ പാരിഷ്ഹാൾ | 11.00am to 2.00pm |

**EDP Training** (നിത്യോപയോഗ സാധനങ്ങളുടെ നിർമ്മാണ വിപണ പരിശീലനം)

ആഗസ്റ്റ് 4,5 തിയതികളിൽ വടശ്ശേരി മഹിളാസമാജത്തിൽ വച്ച്

ആഗസ്റ്റ് 24,25 തിയതികളിൽ എരുത്തേമ്പതി പഞ്ചായത്തിൽ വച്ച്

**ഓണാഘോഷം**

ജില്ലാതല ഓണാഘോഷം സെപ്റ്റംബർ 6-ാം തിയതി ചൊവ്വാഴ്ച പി.എസ്.എസ്.പി യിൽ വച്ച് വിവിധ പരിപാടികളോടെ ആഘോഷിക്കുന്നു.

**LIC Micro Insurance.**

സാധാരണക്കാർക്ക് ദീർഘ വീക്ഷണത്തോടെ ഒരു സമ്പാദ്യം മുന്നിൽ കണ്ടുകൊണ്ട് കുറഞ്ഞ പ്രീമിയത്തിൽ ഒരു നിക്ഷേപ പദ്ധതി (ജീവൻ മധുർ) LIC മൈക്രോ ഇൻഷൂറൻസുമായി ചേർന്ന് പി.എസ്.എസ്.പി. നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുന്നു. ചേരാനാഗ്രഹിക്കുന്നവരും ഏജന്റായി പ്രവർത്തിക്കുവാൻ ആഗ്രഹിക്കുന്നവരും പി.എസ്.എസ്.പി. ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

**മെഡിക്ലെയിം**

ആശുപത്രിയിൽ കിടന്നു ചികിത്സിക്കുമ്പോൾ ചെലവാകുന്ന സംഖ്യ മടക്കി ലഭിക്കുന്ന ഒരു മെഡി ക്ലെയിം പദ്ധതി ഓറിയന്റൽ ഇൻഷുറൻസ് കമ്പനിയുമായി ചേർന്ന് പി.എസ്.എസ്.പി. നടത്തിവരുന്നു. ഒരു വർഷത്തേക്ക് ഒരു വ്യക്തിക്ക് 300 രൂപയും 5 പേരടങ്ങുന്ന കുടുംബത്തിന് 450 രൂപയും 7 പേരടങ്ങുന്ന കുടുംബത്തിന് 600 രൂപയുമാണ് പ്രീമിയം. വർഷം 30000 രൂപ വരെ ആനുകൂല്യം ലഭിക്കും. 20 വയസ് കഴിഞ്ഞ ആൺകുട്ടികളേയും, വിവാഹം കഴിഞ്ഞ പെൺകുട്ടികളെയും പദ്ധതിയിൽ ഉൾപ്പെടു

ത്തുന്നതല്ല. കൂടുതൽ വിവരങ്ങൾക്ക് പി.എസ്.എസ്.പി. ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

**വീട്ടുപകരണ വിതരണ പദ്ധതി**

LG കമ്പനിയുടെ വിവിധതരം ഉല്പന്നങ്ങൾ ഇടനിലക്കാരെ ഒഴിവാക്കി കമ്പനി നേരിട്ട് ഗുണഭോക്താക്കളുടെ വീട്ടിൽ എത്തിച്ചു കൊടുക്കുന്ന ഒരുപദ്ധതി ജില്ലാ വിമൻസ് ഫെഡിന്റെ നേതൃത്വത്തിൽ പി.എസ്.എസ്.പി നടപ്പിലാക്കാൻ ആരംഭിച്ചു.

**സേവ് എ ഫാമിലി പ്ലാൻ**

പാലക്കാട് രൂപത സേവ് എ ഫാമിലി പ്ലാനിന്റെ ഭാഗമായി ഒറ്റപ്പാലം റീജിയണിലെ ഗണഭോക്താക്കൾക്കുവേണ്ടി 18.07.2011 ൽ പൊന്നംകോട് ഇടവകയിൽ വച്ച് റീജിയണൽ മീറ്റിംഗ് നടത്തി. പ്രസ്തുതമീറ്റിംഗിൽ 37 കുടുംബങ്ങളിലെ ഗുണഭോക്താക്കൾ പങ്കെടുത്തു

**റീജിയണൽ മീറ്റിംഗുകൾ**

| **തിയ്യതി** | **സ്ഥലം** | **സമയം** |
|---|---|---|
| 25.7.2011 | മംഗലംഡാം | 11 Am |
| 23.7.2011 | കടമ്പഴിപ്പുറം | 2 pm |
| 30.7.2011 | പാലപ്പുറം | 11am |

**സംരംഭകത്വ പരിശീലന പരിപാടി**

| തിയ്യതി | സ്ഥലം |
|---|---|
| 12.8.2011 | വടക്കഞ്ചേരി |
| 29.8.2011 | പൊന്നംകോട് |

**ജൻശിക്ഷൻ സൻസ്ഥാൻ പാലക്കാട് (JSSP)**

കേന്ദ്ര മാനവവിഭവശേഷി വികസ മന്ത്രാലത്തിനുകീഴിൽ പീപ്പിൾസ് സർവ്വീസ് സൊസൈറ്റി പാലക്കാടിന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന ജൻശിക്ഷൻ സൻസ്ഥാൻപ പാലക്കാടിന്റെ ആഭിമുഖ്യത്തിലുള്ള പരിശീലന പരിപാടികൾ ജില്ലയിലുടനീളം നടന്നു വരുന്നു.നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജിമോഡുലാർ എംപ്ലോയബിൾ സ്കീം. ഡയറക്ടറേറ്റ് ഓഫ് അഡൽട്ട് എഡ്യൂക്കേഷൻ മുതലായവയുടെ ദേശീയ പാഠ്യ പദ്ധതി പ്രകാരം കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ച 22 ട്രേഡുകളിലാണ് പരിശീലനം നല്കുന്നത്.

2011–2012 സാമ്പത്തിക വർഷത്തെ 4 മാസങ്ങൾ പിന്നിട്ടപ്പോൾ കട്ടിംഗ് & ടെയ്ലറിംഗ്, ഡ്രസ് മേക്കിംഗ്, ഹാന്റ് എംബ്രോയ്ഡറി, ഫാബ്രിക് പെയ്ന്റിംഗ്, സ്ക്രീൻ പ്രിന്റിംഗ്, പേപ്പർ പ്രൊഡക്ട്സ്, മാനുഫാക്ച്ചറിംഗ്





ഓഫ് എൻവലപ്സ് തുടങ്ങിയ ട്രേഡുകളിലായിതൊള്ളായിരത്തോളം ആളുകൾ പരിശീലനം നേടിരുന്നു.

പരിശീലന പരിപാടികളോടൊപ്പം തന്നെ പട്ടികവർഗ്ഗ പട്ടികജാതി വിഭാഗക്കാർക്കും മറ്റ് പിന്നോക്ക വിഭാഗക്കാർക്കുമായി പ്രത്യേകം സ്വയം സംരംഭകത്വ വികസന ക്ലാസ്സുകളും, സംരംഭകത്വ വികസന പദ്ധതികളും വിഭാവനം ചെയ്ത് നടപ്പിലാക്കിവരുന്നു.

**ഫാ. ജേക്കബ് മാവുങ്കൽ**

എക്സി. സെക്രട്ടറി, പി.എസ്.എസ്.പി.

## From the Bishop's Diary

**2011 ജൂലൈ**

17 – വിദേശത്തുനിന്നും തിരിച്ചെത്തി.

19 – രൂപതയിലെ സന്യാസഭവനങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ചു.

20 – രൂപതയിലെ സന്യാസഭവനങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ചു.

21 – തൃശ്ശൂർ അമല ആശുപത്രിയിൽ രോഗീസന്ദർശനം നടത്തി.

– ഷൊർണൂർ സെന്റ് ആന്റണീസ് ദൈവാലയവും പാലപ്പുറം സെന്റ് മേരീസ് ദൈവാലയവും സന്ദർശിച്ചു.

22 – രൂപതയിലെ സന്യാസഭവനങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ചു.

23 – പാലക്കാട് സെറാഫിക് പ്രൊവിൻഷ്യൽ ഹൗസിൽ സി.ആർ.ഐ. മീറ്റിംഗിൽ സംബന്ധിച്ചവർക്ക് സന്ദേശം നൽകി.

– നാമഹേതുക തിരുനാൾ മംഗളങ്ങൾ നേരാൻ വന്നവരെ സ്വീകരിച്ചു.

24 – നാമഹേതുക തിരുനാൾ മംഗളങ്ങൾ നേരാൻ വന്നവരെ സ്വീകരിച്ചു.

– കോയമ്പത്തൂർ പി.എസ്.ജി. ആശുപത്രിയിൽ ജോസ് കുളമ്പിൽ അച്ചനെ സന്ദർശിച്ചു.

25 – അരമനയിൽ ബഹു. വൈദികരുടെ മാസധ്യാനത്തിൽ സംബന്ധിച്ചു. രൂപതാ ആലോചനാസമിതി അംഗങ്ങളുടെ മീറ്റിംഗിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

26 – കരിമ്പ ത്രിത്വാശ്രമവും തിരുക്കുടുംബാശ്രമവും സന്ദർശിച്ചു.